# ജി. എ.പി.എച്ച്.എസ്.എസ്.
# എലപ്പൂള്ളി




# സ്കൂൾ മാഗസിൻ 2019



# ജി.എ.പി.എച്ച് എസ്.എസ്

# എലപ്പുള്ളി

Proudly presents...




POOKKALKK Parayanullath...

# ആശംസകൾ



# ആശംസകൾ



# ആശംസകൾ





എലപ്പുള്ളി ഹൈസ്കൂൾ അന്താരാഷ്ട്രനിലവാരത്തിലേക്കുയരുന്ന ഈ വേളയിൽ കുട്ടികളുടെ മാഗസിൻ ഡിജിറ്റൽരൂപത്തിൽ തയ്യാറായി എന്നത് ഏറെ സന്തോഷം നൽകുന്നു. മാഗസിൻ യാഥാർത്ഥ്യമാക്കാനായി പരിശ്രമിച്ച വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഹൃദയം നിറഞ്ഞ ആശംസകൾ.

ശ്രീ.തങ്കമണി.
പ്രസിഡൻഡ്
എലപ്പുള്ളി ഗ്രാമപഞ്ചായത്ത്



നമ്മുടെ വിദ്യാലയത്തിലെ വിദ്യാർത്ഥികൾ ഈ അധ്യയന വർഷത്തിലെ സ്കൂൾ മാഗസിൻ ഡിജിറ്റൽ രൂപത്തിൽ തയ്യാറാക്കിയിരിക്കുന്നു. നമ്മുടെ വിദ്യാലയം അന്താരാഷ്ട്രനിലവാരത്തിലേക്കുയരുന്ന ഈ വേളയിൽ കുട്ടികളുടെ മാഗസിൻ ഡിജിറ്റൽരൂപത്തിൽ തയ്യാറായി എന്നത് ഏറെ സന്തോഷം നൽകുന്നു. മാഗസിൻ യാഥാർത്ഥ്യമാക്കാനായി പരിശ്രമിച്ച വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഹൃദയം നിറഞ്ഞ ആശംസകൾ.

വത്സല പി.
പ്രിൻസിപ്പൽ



സർഗപ്രതിഭകളുടെ സംഗമത്തിന്റെ വേദിയായ 'പൂക്കൾക്ക് പറയാനുള്ളത് 'എന്ന ജി.എ.പി.എച്ച്.എസ്.എസ് എലപ്പുള്ളിയുടെ മാഗസിൻ സ്കൂളിന്റെ ഓർമ്മച്ചെപ്പാകട്ടെ ...തങ്കലിപികളാൽ രചിക്കപ്പെട്ട സർഗാത്മകതയുടെ സംഗമത്തിന് വിജയാശംസകൾ നേരുന്നു

നിർമ്മല.വി
ഹെഡ്മിസ്ട്രസ്സ്



പ്രിയരേ.......

അതിജീവനത്തിൻെറ പുതുപാഠങ്ങൾ പഠിച്ച് പൊതുവിദ്യാഭ്യാസം പൂർവ്വാധികം ശക്തി നേടിയ ഒരു കാലഘട്ടത്തിലാണ് കേരളം മുന്നോട്ട് പോകുന്നത്. ഒരുരക്ഷിതാവ് എന്ന നിലയിലും ഈ വിദ്യാലയത്തിൻെറ പി.ടി.എ. പ്രസിഡൻറ് എന്ന നിലയിലും വളരെ സന്തോഷവും അഭിമാനവും തോന്നുന്ന നിമിഷമാണിത്. സമ്പൂർണ്ണ ഹൈടെക്ക് വിദ്യാലയമായി മാറിയ എലപ്പുള്ളി സ്കൂളിൻെറ ചരിത്രത്തിൽ ആദ്യമായി ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറങ്ങുകയാണ്. ഇതിനു പുറകിൽ പ്രവർത്തിച്ച വിദ്യാർത്ഥികൾക്കും അധ്യാപകർക്കും എൻെറ സ്നേഹാഭിവാദനം...

ബാലകൃഷ്ണൻ.എസ്
പി.ടി.എ പ്രസിഡന്റ്

# എഡിറ്റോറിയൽ ബോർഡ്

**ചീഫ് എഡിറ്റർ**

ശ്രീമതി.നിർമ്മല വി

**സ്റ്റാഫ് എഡിറ്റർ.**

ഇന്ദു വി

**സ്റ്റുഡന്റ് എഡിറ്റർ.**

സരിഗ എസ്

**എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ**

1. അശ്വതി രഘുനാഥ്
2. നേഹ പൊന്നപ്പൻ
3. മിസ്‌ലത്ത് ഷംസുദ്ദീൻ.പി
4. പ്രീതു.എസ്
5. അഖിൽ.എ
6. ആമി ആൻ സിയ
7. അരുൺ.കെ
8. രേവതി.എം
9. അനശ്രീ.ആർ
10. അരുൺദാസ്.
11. മുഹമ്മദ് റസ്ദം

**മുഖചിത്രം,ലേഔട്ട്,വരകൾ .**

അഖിൽ.എ

**അച്ചടി.**

ലിറ്റിൽ കൈറ്റ്സ്- ജി. എ.പി.എച്ച്.എസ്.എസ് എലപ്പുള്ളി.

# മുഖമൊഴി

വിദ്യാഭ്യാസം കാലത്തിന്റെയും ദേശത്തിന്റെയും മുഖമുദ്രയാണ്. കാലം ആവശ്യപ്പെടുന്ന മാറ്റങ്ങൾ വിദ്യാഭ്യാസ മേഖലയിൽ വന്നുകൊണ്ടേയിരിക്കുന്നു. ഓരോ തലമുറയിലെ ജനങ്ങളുടെയും ചിന്തയും കഴിവുകളും വ്യത്യസ്തമാണ്.അക്ഷരപക്ഷികൾ അറിവുകളായി ചേക്കേറിയിരുന്നത് ആദ്യം പുസ്തകങ്ങളിലേക്കാണെങ്കിൽ ഇപ്പോൾ കമ്പ്യൂട്ടറുകളിലേക്കാണ്. കുറച്ചുപേർക്ക് മാത്രം വിദ്യാഭ്യാസം ലഭിച്ച ചരിത്രം മാറ്റിയെഴുതിക്കൊണ്ട് എല്ലാവർക്കും വിദ്യാഭ്യാസം ലഭിക്കുക എന്ന ലക്ഷ്യത്തിലേക്ക് നമ്മൾ എത്തിക്കഴിഞ്ഞിരിക്കുന്നു.ഗുരുകുല സമ്പ്രദായവും കുടിപ്പള്ളിക്കൂടങ്ങളുമായിരുന്നു വിദ്യാഭ്യാസത്തിന്റെ തുടക്കം. നിലത്തും പനയോലകളിലും എഴുതിയും കണ്ടും കേട്ടും പഠിച്ചിരുന്ന നമ്മൾ പിന്നീട് കടലാസിലേക്കും ഇപ്പോൾ ഡിജിറ്റൽ അക്ഷരങ്ങളിലേക്കും ചുവടുവച്ചിരിക്കുന്നു.പേനയുടെസ്ഥാനം കീബോർഡ് കൈയ്യടക്കിയിരിക്കുന്നു.മഷിയുടെ സ്ഥാനം ഇ-മഷിയും.സ്വയം അറിയാൻ നവയുഗം സ്വായത്തമാക്കാൻ നമുക്ക് ആധുനിക സാങ്കേതികവിദ്യകളോടൊപ്പം കൈകോർക്കാം. പൂക്കൾക്ക് പറയാനുള്ള പുതിയ കാര്യങ്ങൾക്കായി കാതോർക്കാം...



സരിഗ എസ്.
സ്റ്റുഡന്റ് എഡിറ്റർ



വര : അഖിൽ എ.

# ഉള്ളടക്കം


1. ചിത്രം 16
2. എൻെറ വിദ്യാലയ ചരിത്രം 17
3. ശാസ്ത്ര കലോത്സവ മേളയിലെ എലപ്പുള്ളി ത്തിളക്കം 18
4. അവർക്കും പറയാനുണ്ട് 19
5. ഓർമ്മത്താളുകൾ 20
6. ഒളിംപിക്സിൻെറ ചരിത്രം 21
7. സേവനപാതയിലൂടെ - അഭിമുഖം 22
8. എവിടെ 26
9. കൊതിയൂറും രാമശ്ശേരി ഇഡ്ഡലി 27
10. കൂട്ടുകാർ 29
11. SING A LITTLE BIRDIE 31
12. അമ്പിളിയുടെ പാട്ട് 32
13. സുനാമിയും ഭൂകമ്പവും 33
14. PROVERBS 35
15. QUOTES 35
16. THE FALLEN WARRIOR WON 36
17. RIDDLES 36
18. പഞ്ചതന്ത്രം 37
19. ഡാഡി മമ്മി വീട്ടിൽ ഇല്ലെ 38
20. സുന്ദരിക്കുട്ടി 41
21. MY BEST FRIEND 41
22. മിസ്റ്റർ കീടാണു 42
23. GIACCO AND HIS BEAN 43
24. പാലക്കാടൻ വെയിൽ 45

25. പ്രകൃതിയുടെ പുത്രാ 45
26. കണക്കിലെ കൺകെട്ടുകൾ 46
27. PHOTOS 47
28. DRAWINGS 63
29. DO YOU KNOW 64
30. TO MY MOTHER 64
31. QUOTES BY FAMOUS PERSONALITIES 64
32. THE TRUTH 65
33. പാഠം പഠിച്ചോ 67
34. മഴ 67
35. വസന്തം 68
36. ഓർമ്മ 68
37. മായക്കാഴ്ച 69
38. മായം മറിമായം 70
39. ഉപന്യാസം- പരിസ്ഥിതി ശാസ്ത്രം സുസ്ഥിര വികസനം 71
40. സ്നേഹത്തിൻെറ പൂന്തോട്ടം 74
41. കുസൃതി ചോദ്യം 75
42. അറിയാമോ 76
43. കൊതുകും മഴയും 77
44. CHILD LABOUR 78
45. DRUG ABUSE 79



വര : അഖിൽ എ.

# എന്റെ വിദ്യാലയ ചരിത്രം

എലപ്പുള്ളിയിലെ വിദ്യാഭ്യാസത്തിന്റെ തുടക്കം കുടിപ്പള്ളിക്കൂടങ്ങളിലൂടെയാണ്. മേച്ചരിപ്പാടത്തു എഴുത്തച്ഛന്റെ അടുത്തുചെന്ന് വിദ്യ അഭ്യസിച്ചവരാണ് എലപ്പുള്ളിക്കാർ. എലപ്പുള്ളിയിൽ ആദ്യത്തെ പ്രൈമറിസ്കൂൾ ആരംഭിക്കുന്നത് 1898ൽ മാണിക്കത്ത് കുട്ടികൃഷ്ണ മേനോന്റെ നേതൃത്വത്തിലാണ്. 1920ൽ ഡിസ്ട്രിക്ട് ബോർഡ് ഈ സ്കൂൾ ഏറ്റെടുക്കുകയും, കൊല്ലങ്കോട് കോവിലകത്തെ മഹാരാജാവ് താലൂക്ക് പ്രസിഡന്റായിരുന്ന കാലത്ത് ഹൈസ്കൂൾ ആരംഭിക്കുകയും ചെയ്തു. എലപ്പുള്ളി സ്കൂളിന് സ്ഥലവും കെട്ടിടവും സംഭാവന ചെയ്ത വ്യക്തിയാണ് ശ്രീ അപ്പാവുപ്പിള്ള.

ആദ്യകാല സ്കൂൾ ഹെഡ് മാസ്റ്റർ ശ്രീ പി.ഗോവിന്ദൻ നായർ ആദ്യവനിത അദ്ധ്യാപിക ചിന്നു മിസ്ട്രസ്. 1990-ൽ ഹൈസ്കൂളിന് പ്രത്യേക കെട്ടിടം നിർമ്മിച്ചതോടെ യു.പി വിഭാഗം പ്രത്യേക വിഭാഗമായി പഴയ കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു.

പൊതുവെ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന പ്രദേശത്ത് ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതോടൊപ്പം വിദ്യാഭ്യാസ പുരോഗതിയും കൈവരിച്ചു. പൊതുവിദ്യാഭ്യാസയജ്ഞത്തിന്റെ ഭാഗമായി സ്കൂളിന്റെ ഡിജിറ്റൽവത്കരണം 2018ൽ പൂർത്തിയായി. അടുത്തഘട്ടമായി സ്കൂൾ അന്താരാഷ്ട്രനിലവാരത്തിലേക്ക് ഉയർന്നുകൊണ്ടിരിക്കുന്നു.

**റംസീന 10 F**

# ശാസ്ത്ര-കലോത്സവ മേളയിൽ എലപ്പുള്ളിയുടെ തിളക്കം...



- **അഖിൽ.എ**
- ഡിജിറ്റൽ പെയിറ്റിംഗ് ജലഛായം, സംസ്ഥാനതലത്തിൽ എ ഗ്രേഡ്ഫാബ്രിക് പെയിന്റിംഗ്, ജില്ലാതലത്തിൽ എ ഗ്രേഡ്



**സിദ്ധാർത്ഥ്.എച്ച്**

ത്രെഡ് പാറ്റേണ് ,ജില്ലാതലത്തിൽ എ ഗ്രേഡ്



**പ്രീതു.എസ്**

സ്റ്റഫ്ഡ് ടോയ്സ്, എ ഗ്രേഡ് ജില്ലാതലം



- **രേവതി.എം**

മലയാള ഉപന്യാസം , ജില്ലാതലത്തിൽ എ ഗ്രേഡ്



- **ശ്രീജിത്ത് ടി.ബി**

മെറ്റൽ ഷീറ്റ് വർക്ക്, ജില്ലാതലത്തിൽ എ ഗ്രേഡ്



**സൗരത്ത്.ബി**

കൊത്തുപണി,
- ജില്ലാതലത്തിൽ എ ഗ്രേഡ്



- **ആമി ആൻ സിയ**

മലയാളം കവിതാരചന ,ജില്ലാതലത്തിൽ എ ഗ്രേഡ്

- **റംസീന**

പ്രാദേശിക ചരിത്ര രചന, ജില്ലാതലത്തിൽ എ ഗ്രേഡ്

**ഷോബിൻ.ആർ**

വാഴ നാര് ഉൽപ്പന്നം, ജില്ലാതലത്തിൽ എ ഗ്രേഡ്


# അവർക്കും പറയാനുണ്ട്



ആകാശത്തിനും
പുഴയ്ക്കും
ഓരോ വീടിനും
കഥകൾ  പറയാനുണ്ട്

**ആകാശത്തിൻെറ കഥ**

ഞാൻ മാത്രമെ അത് കണ്ടുള്ളൂ
വെള്ളം പൊങ്ങുമ്പോൾ
അവർക്ക് ഒന്നും ചെയ്യാനായില്ല ,
പരസ്പരം വിട പറയുക മാത്രം
കാലിലും കഴുത്തിലുമായി
കെട്ടിയ കയറുകൾ
ഇന്നും തങ്ങളാൽ
നഷ്ടപ്പെട്ട ജീവനുകളെയോർത്ത്
വിലപിക്കുന്നു.



**പുഴയുടെ  കഥ**

ലോകത്തോട് വിട പറയും മുമ്പ്
ഒരു കാര്യം ചെയ്യണം
ഒരു തരം
' പകരം വീട്ടിൽ '
നിങ്ങൾ എനിക്ക് തന്നത്
ഞാൻ
നിങ്ങൾക്കു തിരിച്ചു നൽകി
അതിന്
ആരാണ് ആദ്യം ക്ഷമ
ചോദിക്കേണ്ടതെന്ന്
നിങ്ങൾ തീരുമാനിക്കുക.

**വീടിൻെറ കഥ**

അവനെതിരെ
എനിക്ക് ഒന്നും
ചെയ്യാനായില്ല.
ഒന്നു ശബ്ദിക്കുവാൻ പോലും.

**ആമി ആൻ സിയ 9B**

# ഓർമ്മത്താളുകൾ

**ശാന്തമ്മ ഏങ്ങലോടെ വാതിൽക്കൽ വന്ന് വെളിയിൽ നോക്കിനിന്നു. അയാൾ മുറ്റത്തേക്കിറങ്ങി പിന്നെയും നോക്കി നിന്നു.** പിന്നീട് പുറത്തേക്ക് നടന്നു. ശാന്തമ്മയുടെ കണ്ണിൽനിന്നുതിർന്നു വീഴുന്ന കണ്ണുനീർത്തുള്ളിക്ക് ഓർമ്മയുടെ ചവർപ്പും വേദനയുടെ കയ്പ്പും ഉണ്ടായിരുന്നു. ശങ്കരൻകുട്ടി തന്നെ പൂർവ്വവിദ്യാർത്ഥി സംഗമത്തിന് ക്ഷണിക്കാൻ വന്നതായിരുന്നു. ഓർമ്മകൾ ഓടിക്കളിക്കുന്ന കലാലയത്തിൽ അവൾ ഒരിക്കൽക്കൂടി എത്തി. ഇടനാഴികളിലൂടെ നടന്നുനീങ്ങുമ്പോൾ ഓർമ്മകൾ മനസ്സിലേക്ക് മെട്രോവേഗത്തിൽ പാഞ്ഞെത്തി. ഇണങ്ങുകയും പിണങ്ങുകയും ചെയ്ത കൂട്ടുകാർ. പാഠം പഠിക്കാത്തതിന് ചൂരൽകഷായം തന്ന വടികൾ, ഉറക്കം തൂങ്ങിയതിനും വർത്തമാനം പറഞ്ഞതിനും തലയിലേക്കു പറന്നുവന്ന ചോക്കുകഷ്ണങ്ങൾ, പലതവണ പോസ്റ്റുമോർട്ടം കഴിയുന്ന ഡസ്റ്റർ, മനസ്സിൽ തോന്നിയതെല്ലാം കുറിച്ചിട്ട ചുമരുകൾ ഡസ്കുകൾ, സ്വന്തം ഭാഷയിൽ വികസിപ്പിച്ചെടുത്ത ഇരട്ടപ്പേരുകൾ, നോട്ടുബുക്കിന്റെ കാവ്യാത്മകമായ അവസാനത്താളുകൾ, മനസ്സുകൾ പങ്കുവച്ച നെല്ലിമരച്ചോട്ടുകൾ അങ്ങനെയങ്ങനെ... പെട്ടന്ന് അവളുടെ തോളിൽ വന്നുതട്ടിയ ശങ്കരൻകുട്ടിയുടെ കൈ. അയാൾ ചോദിച്ചു "താനിവിടെ പാട്ടും പാടി നിൽക്കുകയാണോ വാ അങ്ങോട്ട് പോകാം”. അവൾ അയാളെ പിന്തുടർന്നു. ക്ലാസിലെത്തിയപ്പോൾ അവൾക്കവിടെ തിരച്ചുലഭിച്ചത് തനിക്കുനഷ്ടപ്പെട്ട സ്വർഗ്ഗമായിരുന്നു. ആ ദിവസവും അവളുടെ ഓർമപുസ്തകത്തിലെ ഒരേടായി മാറി. ഓരോ താളിലും പടർന്നത് കണ്ണീരോ അതോ മഴത്തുള്ളിയോ?



**സരിഗ എസ് 9E**

# ഒളിംപിക്സിൻെറ ചരിത്രം



**ഒളിംപിക്സ് എന്ന വാക്ക്**

ഒളിംപിക്സ് എന്ന പദം 'ഒളിംപിയ' എന്ന ഗ്രീക്ക് വാക്കിൽ നിന്ന് ഉണ്ടായതാണ്. പ്രാചീന ഗ്രീസിൽ സിയൂസ് ദേവനെ ആരാധിച്ചിരുന്ന സ്ഥലമാണ് ഒളിംപിയ. 'ഒളിംപസ്' എന്നതിൽ നിന്നരുത്തിരിഞ്ഞതാണ് 'ഒളിംപിയ'. ഒളിംപിയ ആയിരുന്നു പ്രാചീന ഒളിംപിക്സിന്റെ വേദി.

**പ്രാചീന ഒളിംപിക്സ്**

ആധുനിക ഒളിംപിക്സ് 1896ൽ മാത്രമാണ് ആരംഭിച്ചതെങ്കിലും ഒളിംപിക്സിന് നൂറ്റാണ്ടുകളുടെ പാരമ്പര്യം അവകാശപ്പെടാം. 'ഒളിംപിക്സ്' എന്ന മഹത്തായ കായികസംസ്കാരം ലോകത്തിനു സമ്മാനിച്ചതു പ്രാചീന ഗ്രീസ് ആണ്. സിയൂസ് ദേവന്റെ പ്രീതിക്കായി ഒളിംപിയയിൽ നാലുവർഷത്തിലൊരിക്കൽ നടന്നുവന്ന പ്രാചീന ഒളിംപിക്സിന്റെ ഉത്ഭവവുമായി ബന്ധപ്പെട്ടു പല കഥകളും ഉപകഥകളും പ്രചാരത്തിലുണ്ട്. ബിസി 1253ൽ ഗ്രീസിന്റെ ശക്തിദേവനായ ഹെർക്കുലീസ് തുടക്കം കുറിച്ചതാണ് ഒളിംപിക്സ് എന്ന് ഒരു വിഭാഗം വിശ്വസിക്കുന്നു. എന്നാൽ രേഖപ്പെടുത്തപ്പെട്ട ആദ്യ ഒളിപിക്സ് നടന്നത് ബിസി 776ൽ എന്നാണ് പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുള്ളത്.അക്കാലത്ത് ഒളിംപിക്സ് തീർത്തും ഒരു മതാഘോഷമായിരുന്നു എന്നു തന്നെ പറയാം. റോമൻ ചക്രവർത്തി തിയോഡോസിയൂസ് ഒന്നാമൻ എ.ഡി.393ൽ ഒളിംപിക്സ് നിരോധിച്ചതായി പ്രഖ്യാപിച്ചു.



**മുഹമ്മദ് സിനാൻ പി. 8H**

# സേവനപാതയിലൂടെ...

**" ഇതിലേ നടന്നുപോയ് വലിയവർ**
**ഈ നാട്ടുവഴികളിലെല്ലാം നിലാവായ്**
**പടർന്നവർ"**

**-സച്ചിദാനന്ദൻ**

ചിലർ ഇങ്ങനെയാണ് നന്മയുടെ നിലാവ് പടർത്തി നമുക്കുചുറ്റും നിറയും.പൊള്ളയായ അവകാശവാദങ്ങൾ നിരത്തി മേനി നടിക്കുന്ന ലോകത്തെ നോക്കി പുഞ്ചിരിച്ച് സ്നേഹത്തിന്റെയും സൗമ്യതയുടെയും നിറനിലാവാകാൻ കഴിയുന്നവർ -അത്തരത്തിലൊരാളുമായുള്ള അഭിമുഖ സംഭാഷണം. കർമ്മനിരതമായ അധ്യാപനജീവിതത്തിൽ നിന്ന് ഈ വർഷം വിരമിക്കുന്ന **ശ്രീമതി. കമലാക്ഷി ടീച്ചറു**മായുള്ള അഭിമുഖം.



**1. ഏത് വർഷത്തിലാണ് എലപ്പുള്ളി സ്കൂളിൽ വന്നുചേർന്നത്?**
-1995

**2. ടീച്ചർ വരുമ്പോൾ ഉണ്ടായിരുന്ന എലപ്പുള്ളി സ്കൂളും, ഇന്നത്തെ സ്കൂളിന് വന്ന മാറ്റവും എന്തായിരുന്നു?**
-1995-ൽ വരുമ്പോൾ സമരങ്ങൾ നിലനിൽക്കുന്നുണ്ടാണ്ടായിരുന്നു. അച്ചടക്കത്തിലും അനുസരണയിലും പിന്നിലായിരുന്നു. ആൺക്കുട്ടികൾക്ക് എന്നെ വലിയ ഇഷ്ടമായിരുന്നു. പെൺക്കുട്ടികളെ അപേക്ഷിച്ച്.

3. ക്രാ**ഫ്റ്റിനുള്ള താൽപ്പര്യം ടീച്ചർക്ക് വളരെ ചെറുപ്പത്തിൽ തന്നെ ഉണ്ടായിരുന്നോ?**
-ഉണ്ടായിരുന്നു. പക്ഷെ വീട്ടിലെ സാഹചര്യങ്ങൾ അതിന് സഹായിച്ചില്ല. എങ്കിലും എന്നെ കൊണ്ടു സാധിക്കുന്ന തരത്തിൽ തുടർന്നു.

**4. ജില്ലയിലും സംസ്ഥാനത്തിലും കഴിവുതെളിയിച്ച കുട്ടികൾ പിന്നീട് ഇവ തുടരുന്നുണ്ടോ?അതോ കേവലം ഗ്രേസ്മാർക്കിന് വേണ്ടിയാണോ?**
തുടരുന്നുണ്ട്. കേവലം ഗ്രേസ് മാർക്കിനു വേണ്ടിമാത്രമല്ല അന്നത്തെ കുട്ടികൾ ഓരോ പ്രവർത്തിയിലും താൽപ്പര്യവും ഇഷ്ടവും
പ്രകടിപ്പിച്ചിരുന്നു. അവർ എല്ലായ്പ്പോഴും എന്റെ പുറകിൽ നടന്നു പഠിപ്പിച്ചുതരാൻപറയും. +2 കഴിഞ്ഞ എന്റെ students ഇപ്പോഴും അത് തുടരുന്നുണ്ട്. ഇപ്പോഴും അവരുമായി എനിക്ക് ബന്ധമുണ്ട്.

**5. ടീച്ചർ ഏതു വർഷമാണ് ഗൈഡ്സിന്റെ ചാർജ് ഏറ്റെടുത്തത് ?**
-1997

**6. ഗൈഡ്സിന്റെ ചാർജ് ഏറ്റെടുക്കാനുള്ള കാരണം?**
-ജാതി-മത-വർണ-ഭാഷ-വ്യത്യാസങ്ങൾക്കും കക്ഷി രാഷ്ട്രീയ ചിന്തകൾക്കതീതമായി വ്യക്തിവികസനവും ലോകസാഹോദര്യവും ലക്ഷ്യമാക്കി ഒരു ഉത്തമ പൗരൻമാരെ വളർത്തിയെടുക്കുകയെന്നതാണ്. അന്നത്തെ H.Mന്റെ താൽപ്പര്യവും പിന്തുണയും ഉണ്ടായിരുന്നു. ഇന്നത്തെ പെൺക്കുട്ടികൾക്ക് ധൈര്യം പകരാനും, വ്യത്യസ്ത സാഹചര്യങ്ങളിൽ നിന്നും വരുന്ന കുട്ടികളുമായി ഇടപഴകാനും അച്ചടക്കം വളർത്തിയെടുക്കാനുമുള്ള പ്രചോദനമാണ് ഗൈഡിംങ് കൊണ്ട് നേടുന്നത്. ഇതിൽ നിന്നും സേവന മനോഭാവം വളർത്തിയെടുക്കാൻ സാധിക്കും.

**7. ഗൈഡ്സ് ക്യാമ്പുകളിൽ ടീച്ചർക്ക് മറക്കാനാവാത്ത ഒരു അനുഭവം ഏതാണ്?**

-ക്യാമ്പിൽ  മറക്കാനാവാത്ത ഒരു അനുഭവം ക്യാമ്പ് fair ആണ്. 5ദിവസം ക്യാമ്പ് ചെയ്യണം.അതിൽ എല്ലാ ദിവസവും ക്യാമ്പ് ഫയർ  ചെയ്യുന്നുണ്ട്. ഒരിക്കൽ ഒരു കുട്ടിയാണ് അവതരണം നടത്തിയത്. ഇതിൽ മുഖ്യമായും H.W.B യിൽ നിയമഭാഗവുമായി ബന്ധപ്പെട്ടാണ് അവതരണം നടത്തിയത്.

**8.ടീച്ചർക്ക് W.Eനോടാണോ, ഗൈഡിങ്ങ്നോടാണോ കൂടുതൽ താൽപര്യം?**

-W.E നോട്.

**9. കാരണം എന്താണ്?**

-എൻെറ ചെറുപ്പത്തിൽ ഞാൻ ടൈലറിങ്ങ്  ക്ലാസ്സ് നടത്തിയിരുന്നു. എനിക്ക് ടൈലറിങ്ങിനോട് ചെറുപ്പം മുതലേ താൽപര്യം ആണ്. ആ സമയത്താണ് 1985-ൽ പെരിങ്ങോട്ടുക്കുറിശ്ശിയിൽ ജോലി കിട്ടിയത്. എന്നിട്ടും തയ്യിൽ തുടർന്നു.

**10. ഗൈഡ്സ് കൊണ്ട് വ്യക്തിജീവിതത്തിൽ ഉണ്ടായ നേട്ടം?**

- ഗൈഡ്സിലെ നിയമങ്ങളും നടപിടികളും ജീവിതത്തിൽ പിൻതുടരാനും സാധിച്ചു. മുത്തിർന്നവരെ ബഹുമാനിക്കാനും എല്ലാവരേയും സാഹോദര്യബന്ധത്തിൽ കാണാനും സാധിച്ചു.

**11. +2 കഴിഞ്ഞാലും ഗൈഡിങ് തുടരാറുണ്ടോ?**

- റെയ്ൻജറിൽ ചേരാം. ഇത് റെയിൽവെ ജോലി നേടാൻ സാധിക്കും. ഒരു കുട്ടി ഇതിൽ ചേർന്നിട്ട് റെയിൽവെ ജോലി നേടിയിട്ടുണ്ട്.അവൾ എന്റെ student കുടിയായിരുന്നു.

**12. ഇന്നത്തെ കുട്ടികൾക്ക് ടീച്ചർനൽകുന്ന സന്ദേശം ?**

-മുതിർന്നവരെ ബഹുമാനിക്കുക, സേവനസന്ധയോടെ എല്ലാവരും പ്രവർത്തിക്കുക, അമ്മയേയും അച്ഛനേയും ബഹുമാനിക്കുക, അനുസരണയുള്ള കുട്ടികളായി വളരുക, നന്നായി പഠിക്കുക.

**13. ഈ വർഷം ടീച്ചർ റിട്ടയർ ആവുകയാണല്ലോ?**

ഈ സ്കൂളിലേക്ക് തിരിഞ്ഞ് നോക്കുമ്പോൾ എന്ത് തോന്നുന്നു?

-അന്ന് ബഹുമാനം എന്നവാക്കിനർത്ഥം ഉണ്ടായിരുന്നു. അധ്യാപിക എന്ന നിലയിൽ കുട്ടികളിൽ നിന്നും ലഭിക്കേണ്ട ബഹുമാനത്തിന് ഒരു കോട്ടവും ഉണ്ടായിരുന്നില്ല. നല്ല ശീലങ്ങൾ, പഠിത്തം എന്നിവ പിന്തുടർന്ന കുട്ടികളായിരുന്നു. ഇന്ന് ഇതിന് വിപരീതമാണ്. ബഹുമാനമെന്ന വാക്കനർത്ഥമറിയാത്ത, വിദ്യാഭ്യാസത്ത് പ്രാധാന്യം നൽകാത്ത കുറച്ചുകുട്ടികൾ ഇന്നുണ്ട്. സ്വന്തം കഴിവുകളെ നശിപ്പിക്കുന്നവരാണ് ഇവർ.

**14.ടീച്ചർക്ക് ക്രാഫ്റ്റ് വർക്ക് ഇപ്പോഴും തുടരുന്നുണ്ടോ ജീവിതത്തിൽ? ഏതെങ്കിലും പരീഷണങ്ങൾ നടത്താറുണ്ടോ?**

-തീർച്ചയായും. പഴയസാധനങ്ങൾ ഉപയോഗിച്ച് സമയം കിട്ടുമ്പോൾ ഓരോ സാധനങ്ങൾ പുതുതായി ഉണ്ടാക്കാറുണ്ട്. ഓല, പ്ലാസ്റ്റിക്ക് വസ്തുക്കൾ എന്നിവ ഉപയോഗിച്ച് കുട, പൂക്കൾ കുറെ വർണവസ്തുക്കൾ
നിർമിക്കാറുണ്ട്. ഇനിയും ഇത് തുടരും.

**15. ടീച്ചർ റിട്ടയർ ആകുമ്പോൾ തൽക്കാലം ഗൈഡിങ് ആരും ഏറ്റെടുത്തിട്ടില്ലോ? ഇനി എന്ത് ചെയ്യും?**

-തൽക്കാലം ആരും ഏറ്റെടുത്തിട്ടില്ല. ഈ ഗൈഡ് കുട്ടികളെ open group ൽ ചേർത്ത് വേണം പഠിപ്പിക്കാൻ. അതും കുട്ടികൾക്ക് താൽപര്യം ഉണ്ടെങ്കിൽ ഞാൻ നടത്തും. ഗൈഡിങ്ങും,W.E ഇനിയും തുടരും.



**തയ്യാറാക്കിയത് അതുല്യയും കൂട്ടുകാരും**

# എവിടെ?

ചെറുകടലാസു തോണികൾ പണിയുമ്പോൾ
മുറ്റത്തു തണലേകുമാമരമെവിടെ?
മാമ്പൂപറിക്കുവാൻ ഓടിനടക്കുമ്പോൾ കേൾക്കുന്ന
ശകാരത്തിൻ സ്വരമിന്നെവിടെ?
കുഞ്ഞിനാളിൽ കരഞ്ഞിടുമ്പോളെന്നുമെൻ
ആശ്വാസമേകുന്ന തഴുകലിന്നെവിടെ?
കരയുന്ന കുഞ്ഞിനെ താരാട്ടുമമ്മതൻ
മധുരമാം സംഗീതമെവിടെ?
അമ്മതൻ കവിളിലൊരുമ്മ കൊടുക്കുവാൻ
വെമ്പുന്ന ബാല്യമിന്നെവിടെ?
സന്ധ്യാസമയത്ത് നിത്യമായി കേൾക്കുന്ന
സന്ധ്യാജപങ്ങളിന്നെവിടെ?
കള്ളവും ചതിയുമില്ലാ കഴിഞ്ഞൊരു
നന്മതൻ ഗ്രാമമിന്നെവിടെ?
പ്രാണനായി പിടയുന്ന ചെറുപ്രാവിനെ
തഴുകുന്ന മനുഷ്യത്വമിന്നെവിടെ?
അമ്മയായ്,പെങ്ങളായ് നാരിയെ
കണ്ടൊരു നാടിന്നവസ്ഥയിന്നെവിടെ?
ഹൃദയത്തിലാഴമായ് പുതുമഴപെയ്യിക്കും
നന്മതൻ സംഗീതമെവിടെ?
പച്ചപ്പുതപ്പിട്ട ചാഞ്ചാടിയാടുമാ
നെന്മണിപ്പാടങ്ങളെവിടെ?
സമരത്തിൻ പാതയിൽ സ്വാതന്ത്ര്യം നേടിയ
സത്യത്തിൻ പാതയിന്നെവിടെ?
പലതും പഠിപ്പിച്ച ജാതിമതാതീത
സൗഹൃദ ഭാഷണമെവിടെ?
എല്ലാ മനുഷ്യരും തുല്യരാണെന്ന്
പഠിപ്പിച്ച സത്യമിന്നെവിടെ?
അമ്മയായ് പ്രകൃതിയെ കാണാൻ പഠിപ്പിച്ച
നന്മതൻ പൂർവികരെവിടെ?
കൊല്ലും കൊലയും നടക്കാത്ത ശാന്തിയെ
തേടുന്ന മനസ്സുകളിന്നെവിടെ

അതുല്യ എസ് 9F

'രാമശ്ശേരി ഇഡ്ഡലി 'എലപ്പുള്ളിയുടെ ബ്രാൻഡിൽ സവിശേഷമായി പാചകം ചെയ്യപ്പെടുന്ന ഇഡ്ഡലി കേരളത്തിനകത്തും പുറത്തും പുകൾപെറ്റതാണ്. വീടുകളിൽ പ്രാതലിനു മാത്രമല്ല കല്ല്യാണങ്ങൾക്കും സൽക്കാരങ്ങൾക്കും പഞ്ചനക്ഷത്ര ഹോട്ടലുകളിലെ 'സ്റ്റാർ മെനു' ആയും ,പുറത്തു നിന്നു ഭക്ഷണം കഴിക്കാൻ മടിയുള്ളവർക്ക് മൂന്നു നാലു ദിവസം നീളുന്ന യാത്രയിൽ കൈയ്യിൽ കരുതാവുന്ന ഭക്ഷണമായും, കുടിലു തൊട്ടു കൊട്ടാരം വരെ ഒരേ സ്വീകാര്യതയുള്ള രുചികരമായ രാമശ്ശേരി ഇഡ്ഡലി, വെളിച്ചെണ്ണയിൽ ചാലിച്ച കൊതിപ്പിക്കുന്ന മണമൂറുന്ന പൊടിയിൽ മുക്കി,കുഞ്ഞുങ്ങൾ മുതൽ വൃദ്ധജനങ്ങൾ വരെ ആസ്വദിച്ചു കഴിക്കുന്നത് കാണുമ്പോൾ വായിൽ വെള്ളമൂറിയില്ലെങ്കില്ലേ അത്ഭുതമുള്ളൂ.

എലപ്പുള്ളിയിലെ കുന്നാച്ചി-പുതുശ്ശേരി റോഡിൽ രാമശ്ശേരി മന്ദത്തു ഭഗവതി ക്ഷേത്രത്തിനു പരിസരത്തായി താമസിച്ചുവരുന്ന മുതലിയാർ കുടുംബങ്ങളാണ് ഈ സവിശേഷവിഭവത്തിന്റെ ഉൽപ്പാദകർ. രാമശ്ശേരി ഇഡ്ഡലിയുടെ ഉത്ഭവചരിത്രം ഒരു നൂറ്റാണ്ട് പഴക്കമുള്ളതാണ്. മുതലിയാർ സമുദായത്തിൽപ്പെട്ട ചിറ്റൂർഅമ്മാളിന്റെ കൈവിരുതിൽ നിന്നാണ് ഈ പലഹാരത്തിന്റെ ഉത്ഭവം.



ആദ്യകാലങ്ങളിൽ രാമശ്ശേരിയിലെ ചായക്കടകളിൽ മാത്രം വിപണനം ചെയ്യപ്പെട്ടിരുന്ന ഇഡ്ഡലി,സുമാർ 50 വർഷം മുൻപ് യാക്കര വിശേശ്വര ക്ഷേത്രത്തിലെ വിവാഹങ്ങൾക്ക് സദ്യ കരാറെടുക്കുന്ന കോൺട്രാക്ടർ വേലു എന്നയാൾ വഴിയാണ് സദ്യകളിലെ പ്രധാന വിഭവമായി മാറിയതും പ്രചരിച്ചതും.പണ്ടുകാലത്ത് രാസവളമൊന്നും ചേർക്കാതെ ചാണകവും പച്ചിലവളവും മാത്രം ഉപയോഗിച്ച് കൃഷിചെയ്തിരുന്ന കഴമ,തവളക്കണ്ണൻ,ആനക്കൊമ്പൻ,സ്വർണ്ണാലി തുടങ്ങിയ നെല്ല്, പ്രത്യേക പാകത്തിൽ പുഴുങ്ങി,ഉണക്കി,കുത്തി അരിയാക്കുന്നതോടെ ഇഡ്ഡലിയുടെ രുചി രഹസ്യം തുടങ്ങുന്നു.

അരി,ഉഴുന്ന്,അനുപാതം,ആട്ടുകല്ലിൽ അരയ്ക്കുമ്പോൾ ചേർക്കുന്ന വെള്ളത്തിന്റെ അനുപാതം, അരയ്ക്കുന്നപാകം,മൺകലത്തിൽ പുളിപ്പിക്കാനെടുക്കുന്ന സമയ ം,മൺപാത്രത്തിന്റെ വായ്മൂടി കെട്ടിയ തുണിയിൽ ഒന്നൊന്നായി വിറകടുപ്പിൽ ചുട്ടെടുക്കുന്ന ഇഡ്ഡലി നിർമ്മാണം വളരെ ശ്രദ്ധയും സൂക്ഷമതയും ചേർന്ന ഒരു പാചകവിദ്യയാണ്. സ്വാദും മൃദുത്വവും ചേർന്ന ദിവസങ്ങളോളം കേടുവരാതെ സൂക്ഷിക്കാവുന്ന ഈ പലഹാരം ഇപ്പോൾ രാമശ്ശേരിയിലെ നാലുവീടുകളിൽ മാത്രമാണ് നിർമ്മിക്കുന്നത്. ഒരു നൂറ്റാണ്ട് മുമ്പ് ചിറ്റൂർഅമ്മാളിൽനിന്ന് തുടങ്ങിയ ഈ പാചകപുണ്യം പിൻതലമുറക്കാരായ മരുതായി, അണഞ്ചിയമ്മാൾ, രാമാത്താൾ, പഴണാൾ, അയനാൾ, അമ്മിണിയമ്മാൾ എന്നിവരിൽ കൂടിയാണ് ഇന്നത്തെ തലമുറയിലെ നാലുവീട്ടുക്കാർക്ക് ലഭിച്ചത്.

ഒരു നൂറ്റാണ്ടിന്റെ പാരമ്പര്യം അവകാശപ്പെടാവുന്ന യാതൊരു കൃത്രിമത്വവും കലരാതെ ഉണ്ടാക്കപ്പെടുന്ന സ്വാദിഷ്ടമായ ഈ വിഭവം രാജ്യാന്തര പ്രശസ്തമാവുകയും ടൂറിസ്റ്റുകളുടെ തീൻമേശയിലും ഭക്ഷണമേളയിലും മറ്റും സ്ഥാനം പിടിച്ചു കഴിഞ്ഞുവെങ്കിലും ,ഭാരിച്ച അധ്വാനവും കുറഞ്ഞ പ്രതിഫലവും ഇതിന്റെ നിർമ്മാതാക്കളുടെ വരുമാനക്കുറവും മറ്റു തൊഴിലുകളിലേക്ക് ഇവരെ മറിച്ചു ചിന്തിക്കുവാൻ പ്രേരിപ്പിച്ചു തുടങ്ങിയിരിക്കുന്നു. അപൂർവമായ ഈ  പാചകവിദ്യ സംരക്ഷിച്ചു നിലനിർത്തേണ്ടത് സമൂഹത്തിന്റെ കടമയാണ്. 'ആറൻമുളകണ്ണാടി'ക്ക് ലഭിച്ചത് പോലെ പ്രോഡക്റ്റ് പേറ്റന്റും പ്രോസ്സസിംഗ് പേറ്റന്റും 'രാമശ്ശേരി ഇഡ്ഡലിക്കും' ലഭിക്കേണ്ടതാണ്.

**മിസ്‌ലത്ത് ഷംസുദ്ദീൻ 9D**

# കൂട്ടുകാർ

ഒരു കാട്ടിൽ രണ്ട് പക്ഷികൾ ജീവിച്ചിരുന്നു. ഈ പക്ഷികൾ നല്ല കൂട്ടുകാരായിരുന്നു. ഈ പക്ഷികൾ ഒരു ദിവസം കളിച്ച് കളിച്ച് ഇവർ അറിയാതെ ഒരു സ്ഥലത്ത്എത്തിപ്പെടുകയും പരിചയമില്ലാത്ത പലതും അവിടെ കാണുകയും ചെയ്തു. ആ സ്ഥലം അവർക്ക് വളരെ ഇഷ്ടപ്പെട്ടതുകൊണ്ട് അവർ ദിവസവും കളിക്കാൻ പോവുകയും ചെയ്തു. അങ്ങനെ ഒരു ദിവസം കളിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു കരച്ചിൽ കേട്ടു. അവർ നോക്കിയപ്പോഴാണ് ഒരു അണ്ണാൻ കുഞ്ഞ് മരത്തിൽ നിന്ന് താഴെ വീണ് കരയുന്നത് കണ്ടത്. അപ്പോൾ ആ രണ്ട് പക്ഷികൾ അണ്ണാൻ കുഞ്ഞിനെ കൂട്ട് ചേർത്തു.

നല്ല സ്വഭാവമുള്ള ചന്തത്തിന് ഒട്ടും കുറവില്ലാത്ത ഒരു അണ്ണാൻ കുഞ്ഞ്. ഇവർ എപ്പോഴും ഒത്തുചേർന്ന് കളിക്കുമായിരുന്നു. അങ്ങനെ ഇരിക്കെ പെട്ടെന്ന് ഒരു ദിവസം അണ്ണാൻ കുഞ്ഞ് കളിക്കാൻ വന്നില്ല. ആ വിഷമത്തോടെ പക്ഷികൾ അണ്ണാൻ കുഞ്ഞിന്റെ വീട് അന്വേഷിച്ച് ഒരുപാട് നടക്കുകയും ഒരുപാട് പറക്കുകയും ചെയ്തെങ്കിലും അണ്ണാൻ കുഞ്ഞിന്റെ വീട് കണ്ടെത്താൻ കഴിഞ്ഞില്ല.

വിഷമത്തോടെയാണെങ്കിലും പക്ഷിക്കൾ തിരിച്ച് വീട്ടിലെത്തി. അവരുടെ അമ്മയോട് സംഭവിച്ച കാര്യങ്ങൾ പറഞ്ഞു. അപ്പോൾ അവരുടെ അമ്മ പറഞ്ഞു 'നിങ്ങൾ വിഷമിക്കേണ്ട, നിങ്ങളുടെ കൂട്ടുകാരൻ നാളെ കളിക്കാൻ വരും'. ഇതു കേട്ട് സമാധാനിച്ച പക്ഷികൾ അടുത്ത ദിവസവും ആ സ്ഥലത്തിൽ എത്തുകയും തന്റെ കൂട്ടുകാരനെ കാത്തിരിക്കുകയും ചെയ്തു.

അങ്ങനെ പല ദിവസങ്ങളുംകടന്നുപ്പോയി. അങ്ങനെ ഒരു ദിവസം പക്ഷികളുടെ വീട് മാറുകയും, ആ ദിവസം അണ്ണാൻ കുഞ്ഞ് തന്റെ കൂട്ടുകാരെ തോടി അവിടെ എത്തുകയും ചെയ്തു. എന്നാൽ തന്റെ കുട്ടുകാരെ കാണാൻ കഴിയാതെ ഒരുപാട് ദിവസം അണ്ണാൻ കുഞ്ഞ് അവിടെ കാത്തിരുന്നു. അങ്ങനെ ഒരു ദിവസം പക്ഷികൾ തന്റെ കുട്ടുകാരനെ തേടി ആ സ്ഥലത്തെത്തുകയും ഇവർ തമ്മിൽ കാണുകയും തമ്മിൽ വിശേഷങ്ങൾ പങ്കുവെച്ച് ഒത്തുചേർന്ന് കളിക്കുകയും ചെയ്തു.

.

വിഷമത്തോടെയാണെങ്കിലും പക്ഷിക്കൾ തിരിച്ച് വീട്ടിലെത്തി. അവരുടെ അമ്മയോട് സംഭവിച്ച കാര്യങ്ങൾ പറഞ്ഞു. അപ്പോൾ അവരുടെ അമ്മ പറഞ്ഞു 'നിങ്ങൾ വിഷമിക്കേണ്ട, നിങ്ങളുടെ കൂട്ടുകാരൻ നാളെ കളിക്കാൻ വരും'. ഇതു കേട്ട് സമാധാനിച്ച പക്ഷികൾ അടുത്ത ദിവസവും ആ സ്ഥലത്തിൽ എത്തുകയും തൻെറ കൂട്ടുകാരനെ കാത്തിരിക്കുകയും ചെയ്തു.

അങ്ങനെ പല ദിവസങ്ങളുംകടന്നുപ്പോയി. അങ്ങനെ ഒരു ദിവസം പക്ഷികളുടെ വീട് മാറുകയും, ആ ദിവസം അണ്ണാൻ കുഞ്ഞ് തൻെറ കൂട്ടുകാരെ തോടി അവിടെ എത്തുകയും ചെയ്തു. എന്നാൽ തൻെറ കുട്ടുകാരെ കാണാൻ കഴിയാതെ ഒരുപാട് ദിവസം അണ്ണാൻ കുഞ്ഞ് അവിടെ കാത്തിരുന്നു. അങ്ങനെ ഒരു ദിവസം പക്ഷികൾ തൻെറ കുട്ടുകാരനെ തേടി ആ സ്ഥലത്തെത്തുകയും ഇവർ തമ്മിൽ കാണുകയും തമ്മിൽ വിശേഷങ്ങൾ പങ്കുവെച്ച് ഒത്തുചേർന്ന് കളിക്കുകയും ചെയ്തു.

**അഭിരാമി ആർ 9D**



# SING LITTLE BIRDIE !!!



Sing little birdie
sing, sing, sing
chirp little birdie
chirp, chirp, chirp

fly little birdie
fly, fly, fly
sing, chirp and
fly
little birdie;

built a nest for your
young ones
feed some food for your
young ones
learn to fly for
your young ones
any give some worms to
eat and eat
let them fly on the top of
the sky
fly on the sky, fly on the
sky.
Sing little birdie



sing, sing, sing
chirp little birdie
chirp, chirp, chirp
fly little birdie
fly, fly, flying, chirp and
fly

**Sreya-S 8B**

# അമ്പിളിയുടെ പാട്ട്

പൂന്തിങ്കളായി ചമഞ്ഞൊരുങ്ങി
അന്തിയിൽ മാനത്തു നിന്നനാളിൽ
അമ്മാമനായി കരുതിയെന്നെ
ചെമ്മെ വണങ്ങി പിഞ്ചോമനകൾ
മാൻപേടക്കുഞ്ഞായ് ഗണിച്ചു നിങ്ങൾ

എന്നിൽ നിഴലിച്ച മാമലയെ
എത്ര മനോഹരഗീതങ്ങൾ
എന്നെക്കുറിച്ചു രചിച്ചു നിങ്ങൾ
സുന്ദരിമാർ തൻ മുഖത്തിനെന്നെ
പണ്ടുപമാനവുമാക്കി നിങ്ങൾ
മന്നവേന്ദ്രൻെറ മുഖത്തെ നോക്കി
ചന്ദ്രനെപ്പോലെ ചൊല്ലിനിങ്ങൾ!



ശാസ്ത്രം വളർന്നപ്പോളന്നൊരുന്നാൾ
ശാന്തരാം ശാസ്ത്രജ്ഞരെന്നെ നോക്കി
എന്നെ നിരീക്ഷച്ചു വേണ്ടപോലെ
ശാസ്ത്രം അവർക്കു തുണയൊരുക്കി.
എൻെറ ഗമയെല്ലാം പോയ്മറഞ്ഞു
ഞാനിന്നൊരു വെറും ഗോളമായി
ഒട്ടും നിലാവലയെന്നിലില്ല-
യെന്നുള്ള സത്യം പുറത്തു വന്നു!
സൂര്യകിരണങ്ങൾ തട്ടിടുമ്പോൾ
കാണുന്നതെൻെറ നിഴലുമാത്രം
ഇന്നു ഞാൻ മണ്ണും മലയുമായി
എന്നേ പൊലിഞ്ഞെൻെറ മന്ദഹാസം!
സത്യമറിയാതൊരിക്കലും നാം
സങ്കല്പലോകത്തിൽ വാണിടലേ......

**ആരാധിക എം 9D**

# സുനാമിയും ഭൂകമ്പവും



കടൽവെള്ളവും കരയിലേക്ക് ആർത്തിരമ്പിക്കയറി വരുന്നതാണ് സുനാമി. കടലിൽ, കരയിൽ നിന്നു വളരെ അകലെയല്ലാതെ, ഭൂകമ്പമുണ്ടാകുമ്പോഴാണ് മിക്കപ്പോഴും സുനാമി ഉണ്ടാകുന്നത്. എങ്കിലും സുനാമിയുണ്ടാകാൻ ഭൂകമ്പം നിർബന്ധമല്ല. കടലിൽ ഭൂകമ്പമുണ്ടാകുമ്പോഴെല്ലാം സുനാമിയുണ്ടാകണമെന്നുമില്ല. എന്നാൽ കഴിഞ്ഞ മാർച്ച് 11ന് ജപ്പാനിലെ ഫുക്കുഷിമായിലും അതിനു മുമ്പ് ഇന്തോനേഷ്യയിൽ നിന്ന് പുറപ്പെട്ട് ഏഷ്യയിലാകെയും നാശം വിതിച്ചത് സുനാമികൾ തന്നെയായിരുന്നു.

ഭൂകമ്പമുണ്ടാകുന്നത് മിക്കപ്പോഴും ഇങ്ങനെയാണ് . ഭൂമിയുടെ പുറംതോട് അഥവാ ഭുവൽക്കം 18 മുതൽ 35വരെ കിലോമിറ്റർ മാത്രം കനത്തിൽ പാറയിൽ നിർമിതമാണ്. പലയിടത്തും പാറയടുക്കകൾ ഒന്നിനുമിതെ ഒന്നായിക്കാണും . എതെങ്കിലും കാരണവശാൽ ഇവയിലൊന്ന് തെന്നിനീങ്ങാൻ ഇടയായാൽ ഭൂമി ശക്തിയായി കമ്പനം ചെയ്യും .ഇതാണ് ഭൂകമ്പം. എത്ര വലിയ പാറയടുക്ക് എത്ര ശക്തിയോടെ തെന്നിനിങ്ങുന്നു എന്നതനുസരിച്ച് കമ്പനത്തിൻെ തിവ്രത കൂടും.

ഭൂകമ്പതിവ്രത അളക്കുന്നത് റിക്ടർ സകെയിയിലാണ്. ചാൾസ് റിക്ടർ എന്ന അമേരിക്കൻ ഭൗമശാസ്ത്രജ്ഞനാണ് ഈ സ്കെയിൽ ആവിഷ്കരിച്ചത് ലോഗരിതമിക് സ്കെയിലാണിത്. അതായത്,താപനില അളക്കും പോലെയല്ല. താപനില 6 ഡിഗ്രിയിൽ നിന്ന് 7ഡിഗ്രി സെൽഷ്യസ് ആയി എന്നു പറഞ്ഞാൽ നമുക്കറിയാം,അൽപ്പം ചൂടേ കുടിയിട്ടുള്ളൂ എന്നാൽ ഭ്രകമ്പതീവ്രത റിക്ടർ 6ൽനിന്ന് 7ആയാൽ,കമ്പന ഊർജം 30 ഇരട്ടിയോളം വർധിച്ചു എന്നാണർഥം. റിക്ടർ 1ലുള്ള കമ്പനം നമ്മൾ അറിഞ്ഞെന്നു തന്നെവരില്ല; 5വരെ വലിയ അപകടമില്ല. 6നു മുകളിൽ പോയാൽ കുഴപ്പാണ്. 8എത്തിയാൽ കെട്ടിടങ്ങളെയും പാലങ്ങളെയും അണക്കെട്ടുകളെയും ഒക്കെ തകർക്കും. ഫുക്കുഷിമയിൽ സംഭവിച്ചത് റിക്ടർ 9ലുള്ള അതിഭയങ്കര കമ്പനമായിരുന്നു.

പാറയടുക്കുകൾ  തെന്നിനീങ്ങാനുള്ള മർദം എങ്ങനെയാണുണ്ടാകുന്നത്. അതു പല കാരണങ്ങൾ  കൊണ്ടാകാം. ഉദാ:മഹാരാഷ്ട്രയിലെ കൊയ്നയിലുണ്ടായ ഭൂകമ്പം. അണക്കെട്ടിൽനിറഞ്ഞ വെള്ളത്തിന്റെ മർദം അടിയിലെ പാറയടുക്കുകളിൽ ഏറെക്കാലം  അനുഭവപ്പെട്ടപ്പോൾ അതിലൊന്ന് തെന്നിനീങ്ങിപ്പോയി. കേരളത്തിലെ   ഇടുക്കിയിലും നേരിയ ഭൂചലനങ്ങൾ ഉണ്ടായിട്ടുണ്ട്.  ഒട്ടനവധി രാജ്യങ്ങളിൽ സുനാമിയും ഭൂകമ്പവും നടന്നിട്ടുണ്ട്.

**സ്നേഹ8H**



## PROVERBS



1. All are not thieves that dogs bark at.
2. All are not friends that speak us fair.
3. All roads lead to Rome.
4. All work and no play makes jack a dull boy.
5. All cat love fish but hate to get their paws wet .
6. All that glisters is not gold.

## Quotes

"It always seems impossible until it's done."

*-Nelson Mandela*

"Excellence is a continuous process and not an accident"

-APJ Abdul Kalam

"When you are curious you find rots of interesting things to do."

-Walt Disney

"The possession of anything begins in the mind."

-Bruce lee

"It takes courage to make a fool of your self."

-Charlie Chaplin

"It takes a very long time to become young."

-Pablo Picasso

"Your time is limited don't waste it living someone else's life."

-Steve jobs

**ASWANTH S. DAS 8B**

# THE FALLEN WARRIOR WON

## News paper report



Lucknow : Tarun a 14 year old child won the hearts of the audience at the Nehru stadium. Even though he lost the race he became the hero of Lucknow city yesterday. In the race he fell down thrice on the track, but never gave up and finished it in the last position. The crowd applauded for Tarun for his strong determination and will power. Everyone appreciated him for his courage which he showed in the stadium.  The Olympian, Ram Narayan also agreed that Tarun had won the toughest race in his life. That was a challenging  task for him. It was a great achievement for Tarun. Through this win his dreams will come true. Today onwards ram Narayan, the great Olympian will star to train him. He wanted to prove himself in his family. The race had changed everything, now the black sheep has turn in to a Champion. The fallen warrior who on the hearts of many became a real role model to those wants to be sucessful in life. This small boy Tarun shows that defeat is the stepping stone to sucess.

**PREETHU S 9B**

## Riddles

I am full at hole,I can hold water What  am I ?
-Sponge

What gets wet when drying.
-Towel

What has two hands and a face, but no arms and legs
-Clock

What is it the more you take away the large it becomes?
-Hole

What can be used until its broken?
-Egg

What has many key but can't
open any door
-Piano



**SNEJITH D 8B**

# പഞ്ചതന്ത്രം




ഒരു കാട്ടിൽ കൂട്ടുക്കാരായ ഒരു മുയലും കുരങ്ങനും മാനും ഉണ്ടായിരുന്നു. ഒരു ദിവസം അവർ കാട്ടിലൂടെ നടക്കുകയായിരുന്നു. അപ്പോഴാണ് ഒരു പക്ഷി അവിടേക്ക് വന്നത്. "കൂട്ടുകാരോട് ആ ദുഷ്ടൻ സിംഹം ഇതുവഴി വരുന്നുണ്ട് ".പക്ഷി പറഞ്ഞത് കേട്ട് എല്ലാവരും പേടിച്ചുപ്പോയി "അയ്യോ!നമ്മളിനി എന്തു ചെയ്യും?"പക്ഷി ഉടനെ അവിടെ കണ്ട ചിലന്തിയോട് ചോദിച്ചു. "വേഗം ആ ഗുഹയുടെ മുന്നിൽ ഒരു വല കെട്ടി തരുമോ?

ചിലന്തി ഉടനെ ഗുഹയുടെ മുന്നിൽ വല കെട്ടി കൊടുത്തു.

അപ്പോഴേക്കും സിംഹച്ചാരും അവിടെയെത്തി.

'ചിലന്തിവലയുള്ള ഈ ഗുഹയുടെ ഉള്ളിൽ ആരും കാണില്ല.

സിംഹത്താൽ തിരികെ പോയി അങ്ങനെ ഗുഹയിലൊഴിച്ച മൃഗങ്ങൾ എല്ലാം രക്ഷപ്പെട്ടു. ഹാവൂ തക്ക സമയത്ത് ഈ പക്ഷിവന്നത് കൊണ്ട് നമ്മൾ രക്ഷപ്പെട്ടു. മൃഗങ്ങൾ എല്ലാവരും നന്ദി പറഞ്ഞു.



**അക്ഷയ എ 9A**

# "ഡാഡി മമ്മി വീട്ടിൽ ഇല്ലെ"
## -സംഗീതവിചാരം-



ഒന്നു- രണ്ടാണ്ടുകൾക്കു മുമ്പ് ശ്രോതാക്കളുടെ ഇടയിൽ പ്രതേകിച്ച് യുവമനസ്സുകളെ ഇളക്കിമറിച്ച ഒരു ഗാനമാണ് ' ഡാഡി മമ്മി വീട്ടിലില്ലെ..."തടപോടായാരും ഇല്ലെ' എന്ന ഗാനം. ഈ പാട്ടുകേൾക്കാൻ തുടങ്ങുമ്പോൾ തന്നെ ഇതിലെ അടുത്ത വരികൾ എന്താണ്? എന്തായിരിക്കും? എന്നിങ്ങനെ നമുക്കറിയാനുള്ള ഒരു ആകാംഷ ഉണ്ടാകുന്നു. അതു തന്നെയാണ് ഈ ഗാനത്തിന് വിജയവും.ഇതാണ് new generation ആസ്വാദനം, new generation trend.

സംഗീതം, അതിന്റെ ആസ്വാദനതലത്തെക്കുറിച്ച്പറയുമ്പോൾ തന്നെ സിനിമാ സംഗീതത്തിനുള്ള പ്രാധാന്യം വളരെ വിലപ്പെട്ടതാണ്. ഗാനങ്ങൾ ഏതുമാകട്ടെ (ശാസ്ത്രീയ- അർധയശാസ്ത്രീയ-പാശ്ചാത്യ-നാടോടിഈണങ്ങൾ) സിനിമയിലൂടെ അവതരിക്കപ്പെടുമ്പോൾ സാധാരണ കേൾവിക്കാരനപ്പോലും ഏറെ ഇഷ്ടപ്പെടുന്നു. അതാണ് സിനിമാഗാനങ്ങളുടെ പ്രത്യേകത.

പെട്ടെന്ന് ജനകീയമാകും ചില ഓർമപ്പെടുത്തലുകൾ.

1970മുതൽ 90 വരെയുള്ള കാലളവ് ചലചിത്രഗാനങ്ങളെ സംബന്ധിച്ച് ഏറ്റവും മനോഹരമായ കാലഘട്ടം എന്നുതന്നെ പറയാം. അർത്ഥസംമ്പുഷ്ടമായ വരികൾ തന്ന കവികൾ ആയിട്ടുള്ള ഗാനരചയിതാക്കളും, അഗാധപാണ്ഡിത്യമുള്ള സംഗീതജ്ഞരും നമുക്കുണ്ടായിരുന്നു.വയലാർ,ദേവരാജൻ,പി.ഭാസ്കരൻ മാസ്റ്റർ, കെ. രാഘവൻ, ശ്രീകുമാരൻതമ്പി, ദക്ഷിണാമൂർത്തി, ഒ.എൻ.വി, എം.കെ അർജ്ജുനൻ തുടങ്ങി ഗാനസൃഷ്ടാക്കളുടെ നീണ്ട നിരതന്നെ ഉണ്ടായിരുന്നു. ഈ സൃഷ്ടികൾ ഗാനഗന്ധർവനായ യേശുദാസും, ഗാനകോകിലങ്ങളായ പി.സുശീലയുടെയും, ജാനകിയുടെയും ശബ്ദസൗകുമാര്യത്തിൽ നാം ഏറെ ആസ്വദിച്ചു.

കടലോളം വ്യാപ്തിയുള്ള സംഗീതം (സംഗീതസാഗരം) സാധാരണജനങ്ങൾക്ക്മനസ്സിലാകുന്നവിധത്തിൽ ലളിതവൽക്കരിച്ച ്,കഥയക്കുംകഥാപാത്രങ്ങളുടെ വികാരങ്ങൾക്കുമനുസരിച്ച് ഗാനങ്ങൾ മെനഞ്ഞെടുത്ത് ജനഹൃദയങ്ങളിൽ എത്തിക്കുന്ന സിനിമയെ- സിനിമാ സംഗീതത്തെ നമുക്ക് ഒരിക്കലും വിസ്മരിക്കാനാകില്ല.ഉദാഹരണമായി- 1950-70കാലത്ത് ശ്രീചങ്ങമ്പുഴ എഴുതിയ പ്രശസ്തമായ കവിതാസമാഹാരം-'രമണൻ'-ചലച്ചിത്രമാക്കിയപ്പോൾ,ശ്രീ രാഘവൻ മാസ്റ്റർ അതിലെ ഗാനങ്ങൾക്ക് പുത്തൻ ഈണം പകർന്നു. ('കാനാനഛായയിൽ ആടുമേക്കാൻ'- എന്ന ഗാനം നാം ഏറെ ആസ്വദിച്ചിരുന്നു- ഇപ്പോഴും )പിന്നീട് 1975-ൽ വയലാർ , ദേവരാജൻ കൂട്ടുക്കെട്ടിൽ ഒത്തിരി മനോഹരഗാനങ്ങൾ പിറന്നു.

ചന്ദ്രകളഭം ചാർത്തിയുറങ്ങും തീരം......
കൊതിതീരും വരെ ഇവിടെ ജീവിച്ച് മരിച്ചവരുണ്ടോ?'
എന്ന ഗാനവും,
'കരയുന്നോ പുഴ ചിരിക്കുന്നോ?
മറക്കുവാൻ പറയാൻ എന്തെളുപ്പം മണ്ണിൽ-
പിറക്കാതിരിക്കലാണിതിലെളുപ്പം'
എന്ന്ഭാസ്കരൻ മാസ്റ്റർ എഴുതിയപ്പോഴും, ശ്രീ ഒ.എൻ.വി സാർ'ഒരുവട്ടംക്കൂടി എൻ ഓർമകൾ മേയുന്ന തിരുമുറ്റത്തെത്തുവാൻ മോഹം' എന്നെഴുതിയപ്പോഴും നാം ആനന്ദിച്ചു.

പ്രത്യേകിച്ച്, ഈ കവിത സിനിമാ ഗാനമായി എത്തിയപ്പോൾ സാധാരണക്കാരിലും ഏറെ പോപ്പുലറായി. ഇതുപ്പോലെ ഒത്തിരിഗാനങ്ങൾ നാം മതിവരുവോളം ആസ്വദിച്ചു. ആസ്വാദകമനസ്സ് സ്വപ്നകവാടം പോലെ ഇത്തരം ഗാനങ്ങക്കായി തുറന്നുകൊടുത്തു. സിനിമക്ക് ഒരു രീതിയുണ്ട്- സിനിമയിലെ വിഷയങ്ങൾ ഗാനങ്ങളായി മാറുമ്പോൾ അതിലെ സാഹിത്യഭംഗിയോ- ഈണങ്ങളിലെ മികവോ ഒന്നുംതന്നെ നോക്കാതെയുംജനങ്ങൾസ്വീകരിക്കാറുണ്ട്.അതിന് ഉദാഹരണമാണ് "ഡാഡി മമ്മി വീട്ടിലില്ലെ....?"
"അപ്പങ്ങളൊക്കെയും ചുട്ടമ്മായി...", "ഇഷ്ടമല്ലടാ.. എനിക്കിഷ്ടമല്ലടാ...", "ആട്ടുകല്ലിൽ അരച്ചുനിന്നെ ദോശചുട്ടോളാം ," തുടങ്ങിയവ.

ഒരൽപം പിറകോട്ട് എത്തിനോക്കിയാൽ- "ശ്രുതി മാതാ - ലയ പിതാ" എന്നാണല്ലോ സംഗീതമതം.മനുഷ്യോൽപ്പത്തിക്കുമുമ്പേ പ്രകൃതിയാൽ സംഗീതം ഉണ്ടായിരുന്നെന്നാണ് പണ്ഡിതമതം. അത് അക്ഷരാർത്ഥത്തിൽ ശരിയുമാണ്. പ്രകൃതിസ്വരങ്ങളായ സ-(ഷഡ്ജം), പ, (പഞ്ചമം) ഇവ കാറ്റിൻെറ മർമ്മരത്തിലും, കിളി ശബ്ദങ്ങളിലും, അരുവികളുടെ കളകളാരവത്തിലും ഉണ്ടായിരുന്നത്രെ.അതിലെ സംഗീതത്തെ വേർതിരിച്ചെടുക്കുവാൻ മനുഷ്യൻ വേണ്ടി വന്നുവെന്നുമാത്രം.

അങ്ങനെ സംഗീതപിതാമഹൻ എന്നറിയപ്പെടുന്ന ശ്രീ പുരന്ദര ദാസൻ - സപ്തസ്വരങ്ങളെയും , സംഗീതത്രിമൂർത്തികളെന്ന ത്യാഗരാജസ്വാമികൾ, മുത്തുസ്വാമി ദീക്ഷിതർ, ശാമശാസ്ത്രികൾ എന്നിവരുടെ കണ്ടെത്തലായ വിവിധ രാഗങ്ങളും- കൃതികളുമാണ് ഇന്ന് ഭാരതീയ സംഗീതത്തിൻെറ നാഴിക കല്ലുകളായി നിലകൊള്ളുന്നതും.

പിൽക്കാലത്തെത്തിയ, രാജക്കൻമാരിലെ സംഗീതജ്ഞനും - സംഗീതജ്ഞരിലെ രാജാവുമായ കേരളത്തിൻെറ അഭിമാനം സ്വാതിതിരുനാൾ മഹാരാജാവ് സംഗീത ശാഖയെ ഏറെ പരിപ്പോഷിപ്പിച്ചു. വിവിധ ഭാഷയിൽ അദ്ദേഹം സംഗീതരചനകൾ നടത്തി. (സാരസാക്ഷപരിപാലയ, കൃപയാ പാലയ ശൗരേ, ചലിയെ കുഞ്ചനുമോ ... അതിൽ ചിലത്.)



ഇന്നത്തെ തലമുറ ഈ സംഗീതജ്ഞനെ ഓർക്കുന്നുവോ എന്തോ? അങ്ങനെ മഹത്തായ സംഗീതസംസ്കാരികപാരമ്പര്യമുണ്ടായിരുന്നു. അത് "ശ്രീ ചെമ്പൈവൈദ്യനാഥഭാഗവതർ, ഡോ. ബാലമുരളി കൃഷ്ണ എന്നിവരിൽ വന്നെത്തിനിൽക്കുന്നു."

ഇന്ന് ആകെ മാറി. ലോകമാറ്റങ്ങൾക്കൊപ്പം സംഗീതത്തിലും വൻ കുതിച്ചുചാട്ടം ഉണ്ടായി. മനുഷ്യാവസ്ഥപ്പോലെത്തന്നെ ഗാനങ്ങളിൽ സ്വകാര്യതയില്ലാതായി. മൗനസങ്കൽപ്പങ്ങളില്ല, മൗന നൊമ്പരവും സ്വപ്നങ്ങളും, ഭാവനകളും നമ്മിൽ നിന്ന് ഏറെ അകന്നു. സ്വകാര്യത നഷ്ടപ്പെട്ടപ്പോൾ എല്ലാം തുറന്നടിക്കലായി. അടിച്ചുപ്പൊളിക്കലായി, പൊളിച്ചടുക്കലായി. കേൾവി സംഗീതമെന്ന സങ്കൽപ്പം മാറി. ദൃശ്യവൽക്കരണ റിഥമിക്ക് മ്യൂസിക്ക് (അടിപ്പൊളിസംഗീതം) നിലവിൽ വന്നു.

വികാരങ്ങളുടെ ഭാഷയായ സംഗീതത്തിന് മനുഷ്യവികാരങ്ങളായ സന്തോഷം, സങ്കടം, ശൃംഗാരം, കാമം, വിരഹം, സംഘർഷം തുടങ്ങിയവയെ ദ്യോതിപ്പിക്കാനുള്ള കഴിവ് ഏറെയാണ്. അതിന് പ്രത്യേക രാഗങ്ങൾ തന്നെ നിലവിലുണ്ട്. ഇന്ന് ആ രീതി മാറി. digitalised sound effect-

സംഗീതത്തിൽ കടന്നുകൂടി. ശാസ്ത്രീയ ആലാപനരീതിമാറി ഗ്രൂപ്പായി ചേർന്നുള്ള ഗാനമേള സംഗീതത്തിനും, fusion തരംഗത്തിനും വഴിമാറി. കേൾവി സുഖത്തെക്കാളേറെ ദൃശ്യവൽക്കരണത്തിന് പ്രാധാന്യമേറി . ഉപകരണസംഗീതമേറിവന്നു. ചിരിച്ചുനടന്നുകൊണ്ട് സംഗീതം അനായാസമായി കൈകാര്യം ചെയ്യാമെന്ന് ശ്രീ ബാലഭാസ്കർ നമുക്ക് കാട്ടിതന്നു. ആ "musical attraction"ശ്രോതാക്കളിൽ- പ്രത്യേകിച്ച് യുവമനസ്സുകളിൽ ഏറെ ഇടം പിടിച്ചു. അവിടന്ന് 'കരോക്കെ' ഗാനങ്ങളുടെ കുത്തൊഴുക്കായി. താളബോധമുള്ള ഏവർക്കും പാടാം എന്ന സ്ഥിതിവരെയായി. ഇങ്ങനെ fast food പോലെ fast ആയി മാറിക്കൊണ്ടിരിക്കുന്ന സംഗീതലോകത്തെയാണ് ഇന്ന് നമ്മൾ കണ്ടുക്കൊണ്ടിരിക്കുന്നത് എന്ന് പറയാം.

വൈദ്യശാസ്ത്രത്തിലേക്ക് വരെ കടന്നെത്തിനിൽക്കുന്ന സംഗീതപ്രഭാവത്തിൻെറ മാറ്റത്തെ നാം അറിഞ്ഞല്ലേ മതിയാവൂ.

**കെ.ആർ. സജികുമാർ**
**സംഗീതാദ്ധ്യപകൻ**

# സുന്ദരിക്കുട്ടി

ഒരിക്കൽ ഒരു ഇലയിൽ ഒരു കുഞ്ഞുമുട്ടതനിച്ചിരിക്കുകയായിരുന്നു. "എനിക്കു പേടിയാവുന്നേ !"മുട്ട കരഞ്ഞു അങ്ങനെ അവൾ ഉറങ്ങിപ്പോയി. ഉറക്കത്തിൽ നിന്നു അവൾ എഴുന്നേറ്റത് ഒരു പുഴുവായിട്ടായിരുന്നു. കുഞ്ഞുപ്പുഴുവിന് ആകെ വിശന്നു. അവൾ കുറെ ഇലകൾ "കറും .....മുറും" എന്ന് അകത്താക്കി. വയറുനിറഞ്ഞു ഇനിയൊന്നുറങ്ങാം പുഴുകുട്ടി കരുതി. പുഴുകുട്ടി ഒരു സുന്ദരൻ കൂടുണ്ടാക്കി. അതിനുള്ളിൽ ഇരുന്നു ഉറക്കാമായി. കുറച്ചു ദിവസംകഴിഞ്ഞ് പുഴുക്കുട്ടി ഒരു പൂമ്പാറ്റയായാണ് പുറത്ത് വന്നത് "ഹയ്യട! എനിക്കിപ്പോൾ പേടിയില്ലേ"അവൾ പൂക്കളോട് പറഞ്ഞു.

**അക്ഷയ എസ് 9A**

## MY BEST FRIEND




Where ever you are,
I feel you with me
I wonder the words
that you showered on me
you are the sun rays
that giving joy for me
you wipe the tears
when i was sad
when you are with me
I have no stress, no nervousness,no sadness
God! You created me and cherished
the wonders you have
you are my best friend



**ANUSREE M 9C**

# മിസ്റ്റർ കീടാണു



ഒരു ദിവസം ചിന്നുവിന്റെ ക്ലാസിലെ മിട്ടുവിന്റെ പിറന്നാളായിരുന്നു. മിട്ടു കേക്കുമുറിച്ച് ടീച്ചർക്കും കുട്ടുകാർക്കും നൽകി. "ഹാപ്പി ബർത്ത് ഡേ മിട്ടു" എല്ലാവരും മിട്ടുവിന് ആശംസനേർന്നു. തിരക്കിനിടയിൽ ചിന്നുവിന്റെ ഉടുപ്പിൽ കുത്തിയിരുന്ന അവളുടെ ടവ്വൽ തറയിൽ വീണു. ഇതെല്ലാം കണ്ടുകൊണ്ട് കീടാണു അവിടെയുണ്ടായിരുന്നു. കീടാണു വേഗം ടവ്വലിൽ കയറിയിരുന്നു. ഹയ്യട ഇനി ഇതെടുത്ത് തുടക്കുന്നവരുടെ ഉള്ളിൽ കടന്ന് അസുഖം വരുത്താം കീടാണു കാത്തിരുന്നു. ഈ സമയം ചിന്നു കേക്കു കഴച്ചിട്ട് കൈ കഴുകി. എന്നിട്ട് തുടക്കാനുള്ള തുണി തിരയാൻ തുടങ്ങി അപ്പോഴാണ് അവൾ  നിലത്തുവീണ തന്റെ ടവ്വൽ കണ്ടത്. ചിന്നു തറയിൽ കിടന്ന  ടവ്വൽ എടുക്കാനൊരുങ്ങി ഇത് ടീച്ചർ കണ്ടു. "വേണ്ട വേണ്ട തറയിൽ കിടന്ന ആ ടവ്വൽ എടുക്കേണ്ട. അതിൽ കീടാണു കയറിയിരുപ്പുണ്ടായിരിക്കും. " ടീച്ചർ ടവ്വൽ തോണ്ടിയെടുത്ത് കഴുകാനായി ബക്കറ്റിൽ ഇട്ടു. "ഇനി ഇവിടെ കുത്തിയിരിക്കാം കീടാണു ബക്കറ്റിൽ നിരാശനായി ഇരുന്നു.

അക്ഷയ എസ്. 9A

# GIACCO AND HIS BEAN

Once upon a time there was a little boy named Giacco , who had no father and mother .The only food he had was a cup of beans .Each day he ate a bean , until finally there was only one left . So he put this bean in to his pocket and until night .He saw a little house under a mulberry tree. Giacco knocked at the door. An old man came out and asked what he wanted.

" I have no father or mother ", said Giacco. "And I have no food except this one bean"."Poor boy " said the kind old man . He gave Giacco four mulberries to eat and let him sleep by the fire .During the night the bean rolled out of the Giacco's pocket and ate it up . When Giacco awake ,he cried "Kind old man , your cat has eaten my bean. What shall I do?".

" You may take the cat"said the kind old man .

"I do not want to keep such a wicked animal ".

So Giacco took the cat and walked all day until he came to a little house under a walnut tree. He knocked at the door .An old man came out and asked what he wanted ?

"I have no father or mother ",said Giacco ,

"And I have only this cat that ate the bean ".

"Too bad !" said the kind old man . He gave Giacco three walnuts to eat and let him sleep in the kennel . During the night the dog ate up the cat.When Giacco awake , he cried , "Kind old man your dog has eaten my cat !"

" You may take the dog " said the kind old man. "I do not want to keep such a mean brute .

So Giacco took the dog and walked all day until he came to a little house under fig tree. He knocked at the door. An old man came out and asked what he wanted .

" I have no father or mother ," said Giacco . "I have only this dog that ate the cat that ate bean ." "How very sad !" said the kind old man , and gave Giacco two figs to eat and let him sleep in the dirt.

That night the pig ate up the dog . When Giacco awake , he cried, "Kind old man, your pig has eaten up my dog!".

" You may take the pig "said the kind old man . "I do not care to keep a disgusting creature."

so Giacco took the pig and walked all day until he came to a little house under a chestnut tree. He knocked at the door . An old man came out and asked what he wanted?.

"I have no father or mother and I have only this pig that ate the dog that ate the cat that cat the bean' said Giacco.

How pitiful ! Said the kind old man ,and gave Giacco one chestnut to eat and let him sleep in the table. During the night the horse ate up the pig . When Giacco awoke he cried,"Kind old man, your horse has eaten up my pig!"

“You may take the horse”,said the kind old man.I do not want to keep such a worthless heart .So Giacco rode away on the horse .He rode all day until he came to a castle.He knocked at the gate and a voice cried, “Who is there?”

It is Giacco. I have no father or mother and I have only this horse that ate the big that ate the dog that ate the pig that ate the cat that ate bean.
Ha! Ha! Laughed the soldier. I will tell the king”
“Ha!Ha!Ho!Ho! Laughed the king."Whoever heard of a bean that ate the cat that ate the dog that ate the pig that ate the horse.”

“Excuse me, your majority ,It is just the other way around said Giacco”. It was the horse that ate the pig that ate the dog that ate the cat that ate the bean ".

“Ha!Ha!Ho !Ho!”laughed the king ." My mistake !of course it was the bean that ate the horse;no I mean the horse that ate the bean ;no I mean -no I mean – Ha!Ha! Ho!Ho! laughed the king, and the knights began to laugh , and the ladies began to laugh ,and the maids began to laugh , and the cooks began to laugh ,and the bells began to ring , and the birds began to sing ,and the people in the kingdom laughed and sang.

***Aparna.s***
***8H***

# പാലക്കാടൻ വെയിൽ

ചുട്ടുപൊള്ളുന്ന വെയിൽ, വെയിലേറ്റ് മിന്നിത്തിളങ്ങുന്ന മണൽത്തരികൾ. ചിലത് ആകാശത്തിലെ സൂര്യനെപ്പോലെ പ്രകാശിക്കുന്നുണ്ട്. മണൽത്തരികളിൽ ചവിട്ടുമ്പോൾ തീക്കട്ടയിൽ ചവിട്ടുന്നതിന്റെ തീവ്രത. പാറകളിൽ തട്ടിവരുന്ന ചൂടുകാറ്റ് ഇടയ്ക്കിടയ്ക്ക് വീശുന്നുണ്ട്. വാടിത്തളർന്ന ഇലകളുമായി നില്ക്കുകയാണ് എൻ പ്രിയ വൃക്ഷങ്ങൾ. വേനൽച്ചൂടിൽ എല്ലാം നിശ്ചലമായി കാണപ്പെട്ടു. ഈ ചൂടിലും തേൻ മധുരം പകരാൻ വന്നെത്തി മാവിൽ തൂങ്ങിക്കളിക്കുന്ന മാമ്പഴങ്ങൾ.
പറയാതെതന്നെ എല്ലാം കനിഞ്ഞ് നൽകുന്ന അതിമനോഹരമായ പ്രകൃതിസൗന്ദര്യം നമ്മുടെ പാലക്കാടിനുണ്ട്. കേരളത്തിൻെറ നെല്ലറയായ പാലക്കാട്, ഏതു വെയിലിനെയും അതിജീവിക്കാൻ പ്രാപ്തമാണ്.

**പ്രീതു എസ് 9B**

# പ്രകൃതിയുടെ പുത്രാ......

പ്രകൃതി മാതാവിൻ മക്കളായ് പിറന്നു
നാം
വർണ്ണങ്ങൾ ചാലിച്ച്
പല വിചാരവികാരങ്ങളുമായി
അന്യന്റെ ആത്മാവിലാനന്ദം
നൽകീടണം
മനുഷ്യാ നീ...
ഭൂമിയിൽ,
ജീവൻെറ തുടിപ്പുള്ളിടത്തോളം കാലം
സൽപ്രവർത്തിയെ മാറോടണയ്ക്കുക
ദാനധർമ്മങ്ങൾ ചെയ്യുക നീ...

**വിസ്മയ എസ് 9A**

# കണക്കിലെ കൺകെട്ടുകൾ



1. അക്കങ്ങൾക്കു പകരം വരകൾ മാത്രമുള്ള ഒരു ക്ലോക്കിലെ സമയം കണ്ണാടി പ്രതിബിംബിച്ചത് 1:20 എന്നാണ്, അപ്പോൾ യഥാർത്ഥ സമയം എത്രയായിരിക്കും?

-. 10:40

2.നാല് പ്രാവശ്യം 4 ഉപയോഗിച്ച് 2 ഉണ്ടാക്കുക.

-. 4/4 + 4/4 = 2

3.അഞ്ച് പ്രാവശ്യം 1 ഉപയോഗിച്ച് ഗണിതക്രിയയിലൂടെ ഉത്തരം 14 ആക്കാമോ?

-. 11 + 1 + 1+ 1= 14

4.ഒരു സംഖ്യയെ മൂന്നുകൊണ്ട് ഗുണിച്ചാലും മൂന്നിൽ നിന്ന് ആ സംഖ്യ കുറച്ചാലും ഒരേ ഉത്തരം ആണ് കിട്ടുക. സംഖ്യ ഏത് ?

-. 3/4

3/4 * 3 = 9/4 = 2 1/4

3 – 3/4 = 2 1/4

5.ഒരു കാർഡ്ബോർഡ്പെട്ടിയിൽ അപ്പു 8 ജീവികളെ ശേഖരിച്ചുവച്ചിട്ടുണ്ട്, അവ ചിലന്തികളും വണ്ടുകളുമാണ്. ജീവികളുടെ ആകെ കാലുകളുടെ എണ്ണം 54 ആണെങ്കിൽ എത്ര ചിലന്തികളുണ്ട് ? എത്ര വണ്ടുകളുണ്ട് ?

-. 3 ചിലന്തികളും 5 വണ്ടുകളും

ചിലന്തിക്ക് 8 കാലും വണ്ടിന് 6 കാലുമാണെന്ന ഓർക്കുക.



സുമിഷ എസ് 9B

# ഇവർ നമ്മുടെ സാരഥികൾ...



# സ്മാർട്ടാവാൻ ലിറ്റിൽ കൈറ്റ്സ്



# Salute to Nation...




# NCC Battallion

# സേവനപാതയിൽ...




## ഗൈഡ്സ്

# We learn to serve....



**SPC**

# മേളത്തിളക്കങ്ങൾ....





പ്രവൃത്തി പരിചയം
സ്ക്കൂൾ തല
പ്രവർത്തനങ്ങൾ...

# കലാമേള...





# കായിക മേള...




സംസ്ഥാന
സബ്ജൂനിയർ
ഖൊ- ഖൊ ഒന്നാം
സ്ഥാനം...


സംസ്ഥാന ആട്യാ
പാട്യാ
മത്സരാർത്ഥികളും
വിജയികളും...



ജില്ലാ ഖൊ- ഖൊ
ജൂനിയർ ഗേൾസ്
രണ്ടാം സ്ഥാനം...




ജില്ല അത്
ലറ്റിക്സ് 200 m
400m മൂന്നാം
സ്ഥാനം...




ജില്ലാ ലോൺ ടെന്നീസ് ജൂനിയർ മൂന്നാം സ്ഥാനം...




ജില്ലാ ലോൺ ടെന്നീസ് ജൂനിയർ ഗേൾസ് മൂന്നാം സ്ഥാനം...



ഐ ലീഗ് ഫുട്ബോൾ മത്സരത്തിലേക്ക് തിരഞ്ഞെടുത്ത അഭിനവ്.എം



ജില്ലാ ഖൊ ഖൊ ജൂനിയർ ആൺകുട്ടികൾ മൂന്നാം സ്ഥാനം...



ജില്ലാതല ഷട്ടിൽ ബാഡ്മിന്റൺ മത്സരത്തിൽ പങ്കെടുത്ത അനിരുദ്ധ് ,നവീൻ


LEARNI
SELF D
OTHER
TOTAL
സംസ്ഥാന ക്രിക്കറ്റ്
സീനിയർ ഒന്നാം
സ്ഥാനം ...


ജില്ലാ ചെസ്
മത്സരത്തിൽ
പങ്കെടുത്ത
ആമി അൻസിയ

# ഹൈടെക്ക്...



# പഠനയാത്രകൾ...










SUNIL CHETHRI
by
Vignesh-12
9-D




by
Vignesh-12
9-D


Sneha.M
9.D

# DO YOU KNOW?

**DRIVER**
D-Discipline
R-Responsibility
I-Intelligence
V-Vision
E-Efficiency
Remembrance

**STUDENT**
S-Smartness
T-Thoughtful
U-Unbaised
D-Duitifil
E-Energetic
N-Nobility
T-Talent

**POLICE**
P-Politeness
O-Obediance
L-Logalty
I- Intelligent
C- Courage
E- Efficiency

**TEACHER**
T- Tolerance
E- Education
A- Affection
C-Character
H- Honesty
E- Example
R- Respect

**INDIA**
I- Independance
N-Nation
D-Democratic
I- Integrated
A- Area

**Kavya.c**

# To My Mother

Today's your natal day
Mother accept ,
My offerings
Sweet flowers I bring .

Happily you live
And bless us
Receive whatever from you
With great happiness .

**ASWANI C 9D**

# Quotes By Famous Personalities

There will be obstacle,There will be doubters.
There will be mistakes, but with hard work
There are no limits.
-
ROBIN SHARMA

Life has got all those twists and turns.
You've got to hold on tights and off you go.
-
NICOLE KIDMAN

Do you want to know who you are?
Don't ask. Act! Action will delineate and define you
-THOMAS JEFFERSON

Nothing in the world is ever completely wrong.
Even a stopped clock is right twice a day.
-
PAULOCOELO

**PRAJITH 10G**

# THE TRUTH



First day of my career. As I entered the school gate, I thought, “I will never hurt the students, love them boundlessly, teach them good values, mould them to lead a truthful life…etc,etc. I walked very carefully not to step on the scattered gulmohar flowers. After the formalities, I left the office room and was directed to the staff room. On my way, I saw children playing in the verandah. A lady teacher was distributing ladoos in the staffroom. She offered me one and introduced herself. She had resumed duty the previous day after maternity leave.

I went to my classroom, conversed with the students and marked the daily attendance. A boy was absent. Later I understood that he was a cardiac patient and often falls sick.


The next day when I entered the staffroom, I heard two teachers discussing about post maternity health problems due to insufficient sleep. I had my tea and got engaged with my work.

While I was handling the class, I saw some people returning from the office. I was summoned by the Headmaster. He gave me a piece of advice to be careful while handling students, not to be so harsh etc etc.Being new to the career, I thought it’s a part of the routine. I thanked him and resumed to my work.

During interval, I went to the staffroom. As I entered I heard teachers discussing something seriously. I understood from the fragments that a student was hit hard on his backside by a teacher. They stopped the discussion on my advent. I was puzzled. I had my tea. The creaking sound of the old fan over my head irritated. I left the place and walked along the verandah. A crow cawed on the neem tree. I went to my classroom. The sick boy was absent

.

The following day during afternoon interval, I saw about ten people going towards the office. The peon told that I was wanted at the office. While I neared the room, I saw a boy seated on the bench, wearing only a pair of trousers and holding a shirt .We both smiled. His look penetrated my heart. I felt a queer pain.




When I entered, I saw the senior teacher and the Headmaster arguing with the agitated people. I realized that I was the victim. I stated that I have not punished any student so far and won't do the same in future too. The Headmaster being my well-wisher argued for me, to ignore my mistake, I being new to the job. The senior teacher also put forward the same statement, trying to save her friend. I stood there helpless, tears blurring my vision.

Suddenly the boy came in and went near the Headmaster's table. Looked at me and said,: It's not this teacher". Saying so he left the room and so did the people. I too escaped the scene immediately. After reaching home, I buried my face on my mother's lap and cried bitterly. She consoled me. Somehow I slept that night.

The next morning I was awaken by a phone call,

"Ratheesh left us last night!"

…………………………………………………………………………………

……………………………

Dedicated to that angel……………………….!!!

**AUGUSTINA RAJI M**
**HST ENGLISH**

# പാഠം പഠിച്ചോ



കിട്ടൻ കൊമ്പനാന മഹാശല്യക്കാരനായിരുന്നു. കാട്ടിലെ എല്ലാമൃഗങ്ങളെയും അവൻ ഉപദ്രവിക്കും . ഒരു ദിവസം പുഴയിൽ നിന്നു വെള്ളം കുടിച്ചു വരുന്ന വഴി കിട്ടൻ ഒരു മാളം കണ്ടു. അവൻ അതു ചവിട്ടാനൊരുങ്ങി. പാവം ചിച്ചു മുയൽഅതുകണ്ട് ഓടിയെത്തി. "അയ്യോ! അത് എൻെറ മാളമാ ചവിട്ടികളയരുതേ”.... കിട്ടനുണ്ടോ ഇതുവല്ലതും കേൾക്കുന്നു! അവൻ മാളംചവിട്ടിനശിപ്പിച്ചു.

"ങീ...,ങീ...,ങീ..." ചിച്ചുകരഞ്ഞു.

അപ്പോഴാണ് ബീക്കൻ ഈച്ചയും കൂട്ടുകാരും അതുവഴിവന്നത്. "എന്താചിച്ചു കരയുന്നത്”? ബീക്കൻ ചോദിച്ചു. ചിച്ചു കാര്യം പറഞ്ഞു. ബീക്കനുംക്കൂട്ടുകാരും നേരേപോയത് കിട്ടൻെറ അടുത്തേക്കാണ് എന്നിട്ടോ? എലാവരും കൂടിഅവൻെറ ചെവിക്കുള്ളിൽകയറി. എന്നിട്ട് കൂട്ടത്തോടെ പറയാൻ തുടങ്ങി: “ദുഷ്ടൻ കിട്ടൻ...ദുഷ്ടൻകിട്ടൻ...ദുഷ്ടൻകിട്ടൻ...” ചെവിക്കുള്ളിൽ ഈ വിളി അങ്ങനെ കേട്ടുകേട്ട് കിട്ടനു സഹികെട്ടു. അവൻ അലറിവിളിച്ചുകൊണ്ട് എങ്ങോട്ടോ ഓടിപ്പോയി. പിന്നെ അവനെ ആ കാട്ടിൽ കണ്ടിട്ടില്ല.

**അഖില.എസ് 9D**

# മഴ

നനു നനേ വീഴും മഴയേ
നിന്നെകാണാനെന്തു രസം
ഭൂമിയിലല്ല നീ സ്പർശിക്കുന്ന-
തെൻ മനസ്സിൻ താഴ്വരയിൽ



എന്നും എൻ്റെ ഓർമകളിൽ
നീയൊരു കുളിരായി മാറീടുന്നു
മുല്ലപ്പൂവിൻ മണം പോലെ
എങ്ങും മണ്ണിൻ മണം മാത്രം



**അതുല്യ സി 9B**

# വസന്തം



ഒരുക്കുട്ടബെല്ലിൽ തുടങ്ങി
മറ്റൊന്നിൽ അവസാനിക്കുന്ന
ചുരുങ്ങിയ മണിക്കൂറുകൾക്കുള്ളിൽ
ആ ചുവരുകൾക്കുള്ളിൽ
ഋതുക്കൾ മാറിമാറി പെയ്യുത്
അവൾ അറിഞ്ഞിരുന്നില്ല
ഒടുവിൽ............
ജീവിതത്തിൽ കാലവർഷം മാത്രം
തിമർത്തു പെയ്യാൻ തുടങ്ങിയപ്പോഴാണ്
അന്നവിടെ പെയ്യുത് വസന്തമാണെന്നവൾ
തിരിച്ചറിഞ്ഞത്

**സരിഗ എസ് 9E**

# ഓർമ

മനസ്സിന്റെ മണിച്ചെപ്പിൽ തളിരിടും പൂവുപ്പോൽ
ഒരു ചെറു പുഞ്ചിരി തൂകി നിൽക്കെ
മധുരമാം സ്വപ്നങ്ങൾ ഓർക്കവെ എൻ മനം
ചിറകുപ്പോൽ കാറ്റിൽ പടർന്നു പൊങ്ങി
ഒരു പിടി ഓർമതൻ ജീവിതവീഥിയിൽ
ചെറുമൊരു പാഴ്മുളം തണ്ടുപ്പോലെ
പെയ്യൊഴിഞ്ഞ രാമഴത്തുള്ളികൾ പോൽ
തളരാതെ എൻ മനം വിരഹമായി
പ്രതീക്ഷയാം ഓളങ്ങൾ തീർക്കുന്ന നിന്നോർമ്മ
തോരാതെൻ നഷ്ട സ്വപ്നമായ് തീരവെ
എൻ സ്നേഹമാം തീരങ്ങളിൽ
നീ എന്നും തളിരിടും ഓർമ്മകൾ മാത്രം
ആ ഓർമയാം സ്നേഹത്തിൻ വേദന
മഴനീരായ് പലത്തുള്ളി വീണ നേരം
ആദ്യ സ്നേഹത്തിൻ മധുരിമ അറിയവെ
ജീവിതവീഥിയിൽ എങ്ങോ.......നീ മാഞ്ഞുപ്പോയി
ഓർമ്മയാം...... ആ വസന്തകാലം തിരിച്ചുകിട്ടാനാവാതെ
എല്ലാം ........... ഒരു ഓർമ്മകൾ മാത്രം

**സ്വാതിപ്രിയ വി 9E**

# മായക്കാഴ്ച

നാനാവർണങ്ങളിൽ പ്രഭാതത്തെ വരവേറ്റുനിൽക്കുന്ന പൂക്കളിൽ സൂര്യൻ വർണരാജി ചൊരിഞ്ഞു. മരച്ചില്ലകളിൽ ഒളിച്ചു കളിക്കുന്ന മന്ദമാരുതൻ ജനാലയിൽ തട്ടി വിളിച്ചു. ഉറക്കം ഉണർന്ന വിശ്വനാഥൻ എന്ന മുത്തച്ഛൻ പിന്നെയും മടിയോടെ കിടന്നു. മനസ്സ് ഇന്നലകളിലേക്കു ഊളിയിട്ടു. കൂട്ടുക്കാരുമൊത്തു പാടവരമ്പത്ത് കളിച്ചുനടന്നത്. രാവിലേയും വൈകുന്നേരവും മഴയത്ത് ഓടാറുള്ളത്. പുസ്തകങ്ങൾ വായിച്ചുനടന്നത്. തൊടിയിലെ പച്ചക്കറികൾ, കനാലിലൂടെ വന്നിരുന്ന വെള്ളം -കുളിരാർന്ന ഓർമ്മകളുടെ രസം മനസ്സിൽ ഇന്നും മഞ്ചാടികുരുവിയെ പോലെ ഓടികളിക്കുന്നു. ഇന്നത്തെ തലമുറ വാട്ട്സ് ആപ്പിലും, ഫെയ്സ് ബുക്കിലും തപസ് ചെയുന്നു. വിരൽതുമ്പിൽ ചലിക്കുന്ന ലോകം.

കഴിക്കാനാണേൽ ബർഗറും പിസയും. രുചിയുടെ കൈപ്പുണ്യം പോയ്മറഞ്ഞു. കഷ്ടം!
ഇന്നലയുടെ വേരുകൾക്ക് ഉറപ്പില്ലേൽ
ഇന്നിന്റെ ആകാശം എങ്ങോട്ടാണ്. 'അച്ഛാ, ചായ'
മകളുടെ വിളി അയാളെ ഉണർത്തി. ചായ വാങ്ങി
പൂമുഖത്തേക്ക് നടന്നു. 'മാളൂ സമയമായി... ബോട്ടിൽ വെള്ളം ബാഗിലാക്കു... സ്കൂൾ ബസ് ഇപ്പം വരും.' അമ്മയുടെ ശബ്ദം അവസാനി കുന്നതിനു മുന്നേ മാളു ഇറങ്ങി ഓടി. ആ കാഴ്ചയിലേക്ക് നോട്ടമെറിഞ്ഞ് മുത്തച്ഛനിരുന്നു.
ഉള്ളിൽ ഒരു നീറ്റലോടെ....



**കാവ്യ വി 8A**

# മായം മറിമായം!

പഴങ്ങൾ പഴുപ്പിക്കാംപച്ചപ്പഴം പെട്ടന്ന് പഴുപ്പിക്കാൻ കഴിയുമോ? അതിന് ഒരു മാർഗം കണ്ടെത്തിയിട്ടുണ്ട്. പച്ചപ്പഴത്തിന് മുകളിൽ അല്പം കാൽസ്യം കാർബെഡ് തളിക്കുകയോ കുത്തിവയ്ക്കുകയോ ചെയ്യുക.മണിക്കൂറുകൾക്കുള്ളിൽ പച്ചപ്പഴം പഴുക്കും.പക്ഷേ,സ്വാഭാവിക പഴത്തിന്റെ രുചിയും മണവും കിട്ടില്ലെന്നു മാത്രം. ഇത്തരത്തിൽ കാൽസ്യം കാർബെഡ് തളിച്ച പഴങ്ങൾ ചെന്നാലോ? പലതരം അസുഖങ്ങൾ ഉണ്ടാക്കുകയും ചെയ്യും.മധുരം കൂട്ടാൻ സാക്കറിൻ പഞ്ചസാരയുടെ പതിൻമടങ്ങ് മധുരമുള്ള ഒന്നാണ് സക്കറിൻ. മധുരപ്പലഹാരങ്ങിലും നിലവാരം കുറഞ്ഞ ഐസ്ക്രീമിലും സാധാരണയായി സാക്കറിൻ ഉപയോഗിക്കാറുണ്ട്. ആരോഗ്യത്തിന് അപകടകാരിയായ ഈ പദാർത്ഥം സ്ക്വാഷുകളിലും ജാമുകളിലുമൊക്കെ അടങ്ങിയിരിക്കുന്നു. മധുരപാനീയങ്ങളുടെ നിറം കൂട്ടാനും അവ കേടുകൂടാതെ സൂക്ഷിക്കാനും അതിൽ ചേർക്കുന്ന രാസവസ്തുക്കളും മെറ്റാനിൻ എല്ലോയും, ലെഡ് ക്രോമെറ്റും പോലുള്ള ഘടകങ്ങൾ അടങ്ങിയിട്ടുണ്ട്.ഇവ ട്യൂമർ കാൻസർ തുടങ്ങിയ അസുഖങ്ങൾക്ക് കാരണമാകുമെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇത്തരം ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്താൻ ചൂടുവെള്ളത്തിൽ അല്പം ഹൈഡ്രോക്ലോറിക് ആസിഡ് ചേർത്ത് ആഹാര സാധനത്തിൽ കലർത്തുക. മജന്താനിറം തെളിഞ്ഞുവരുന്നുവെങ്കിൽ മായം കലർത്തിയിട്ടുണ്ടെന്ന് മനസ്സിലാക്കാം.

**അശ്വതി ആർ 9D**



# ഉപന്യാസം

## വിഷയം:- പരിസ്ഥിതി ശാസ്ത്രം, സുസ്ഥിരവികസനം- നവകേരളസൃഷ്ടി



പ്രകൃതിവിലാസത്തിൻെറ പൊൻതളിക ചാലിച്ച്ജ്വലിച്ചുകൊണ്ടിരിക്കുന്ന കൊച്ചു നാട്. പ്രകൃതി സൗന്ദര്യത്തെ ആസ്വദിച്ചും, ആ സൗന്ദര്യത്തെ തൻെറ ഹൃദയങ്ങളിലേക്ക് ആവാഹിച്ചവരുമാണ് മലയാളികൾ.അരുവികളൊഴുക്കുന്ന നാടുകളായി കേരളം കുടികൊണ്ടിരുന്നു. . ഭൂപ്രകൃതി കൊണ്ടും കാലാവസ്ഥകൊണ്ടും സൗന്ദര്യം ചാർത്തിയ കേരളത്തെ ലോകരാഷ്ട്രങ്ങൾ വീക്ഷിക്കുകയുണ്ടായി. പ്രളയത്തെ അതിജീവിച്ച് ജീവിതത്തിലേക്ക് തിരിച്ച ആ അനർഘനിമിഷങ്ങൾ മലയാളികളുടെ നെഞ്ചിൽ ഇപ്പോഴും നെടുവീർപ്പിട്ടു കൊണ്ടിരിക്കുന്നു.

ചരിത്രത്തിലാദ്യമായാണ് കേരളം ഇത്തരം ഒരു പ്രളയത്തെ ദർശിക്കുന്നത്. പുഴയിൽ ശാന്തമായി ഒഴുകികൊണ്ടിരുന്ന ജലത്തിൻെറ അതിക്രൂരമായ ഭാവമാണ് പ്രളയത്തിൽ നാം വീക്ഷിച്ചത്.നമ്മുടെ ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ ദുരന്തത്തെ അതിജീവിച്ചതിൻെറ ആശ്വാസത്തിനാണ് ഇന്ന് കേരളീയർ. പ്രളയമേൽപ്പിച്ച തിരിച്ചടികളിൽ നിന്ന് കര കയറാൻ, ദീർഘവീക്ഷണത്തോടെയുള്ള ചുവടുവയ്പ്പുകൾഅനിവാര്യമാണ്.ഇത് പ്രളയം വരുത്തിയ നാശനഷ്ടങ്ങളെകുറിച്ച് പറയാനുള്ള സമയമല്ല, മറിച്ച് അപ്രതീക്ഷിതമായി മഹാപ്രളയം വന്നപ്പോൾ സഹജീവികളെ കൈപ്പിടിച്ചു ഉയർത്താനും സഹായിക്കാനും ജനങ്ങൾ ഒറ്റകെട്ടായിറങ്ങി. പുതിയ മാതൃക സൃഷ്ടിച്ചതിൻെറ ആഹ്ളാദതിമർപ്പിൻെറ വിലപറയാനുള്ള സമയമാണ്.

പ്രളയാനന്തര അതിജീവനത്തിനുള്ള ആ പോരാട്ടങ്ങൾക്കിടയിൽ, ഒന്നു ദീർഘമായി വീക്ഷിച്ചാൽ, മാനവരാശിതന്നെയാണ് പ്രളയത്തിനു കാരണമായി മാറുന്നത് പ്രകൃതിയെ കൈതൊഴുതികൊണ്ടുണർന്ന കാലം മാറി. മാലിന്യങ്ങൾ പ്രകൃതിയിലേക്ക് വലിച്ചെറിഞ്ഞപ്പോൾ, പ്രളയം അവയെ നാം വസിക്കുന്ന പ്രദേശത്തുകൊണ്ടെത്തിച്ചു. ഗൃഹപരിസരത്തെ മണ്ണിനെ അടിച്ചു പുറത്താക്കിയപ്പോൾ പ്രളയം ആ മണ്ണിനെ ഭദ്രമായി ഗൃഹങ്ങളിലോക്കു തന്നെ എത്തിച്ചു . മനസ്സിന് നെടുവീർപ്പുളവാക്കുന്ന ഈ കാഴ്ച യഥാർത്ഥത്തിൽ പ്രകൃതിയിൽ നിന്നും ലഭിച്ച തിരിച്ചടികളാണ്.

കേരവൃക്ഷത്തിൻ നാടായ കേരളം ഏവരുടെയും പ്രിയപ്പെട്ടതാകുന്നു. മുമ്പ് ജാതിവ്യവസ്ഥ അഴിഞ്ഞാടിയ നാടായിരുന്നു കേരളം. കേരളത്തെ ഭ്രാന്താലയം എന്ന് വിശേഷിപ്പിച്ച നാൾ മാറി. കേരളം എന്ന പേര് കേട്ടാൽതിളയ്ക്കണം ചോര നമുക്ക് ഞരമ്പുകളിൽ എന്ന് പരിവർത്തിച്ചിരിക്കുന്നു. രാജ്യത്ത് സമ്പൂർണ്ണ സാക്ഷരത നേടിയ ആദ്യ സംസ്ഥാനമാണ് നമ്മുടെ കേരളം. കുടുംബശ്രീ അടക്കമുള്ള മുന്നേറ്റങ്ങളിലൂടെ സ്ത്രീശാക്തീകരണത്തിൽ ഒട്ടേറെ രാജ്യങ്ങൾക്കു മാതൃകയാണ്. സകല മേഖലകളിലും സ്ത്രീപ്രാധാന്യം.

ആരോഗ്യരംഗത്തെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ കാരണം ആയുർദൈർഘ്യത്തിൽ കേരളം ഒന്നാമത്താണ്. കേരളത്തിന്റെ "നെല്ലറ"യായ കുട്ടനാട് കാർഷികരംഗത്തെ ത്വരിതപ്പെടുത്തുന്നു. ട്രാൻസ്ജെൻഡേഴ്സിന് പ്രത്യേകനയം ,അടിസ്ഥാന ആവശ്യങ്ങളുടെ കൂട്ടത്തിൽ ഇൻറ്റർനെറ്റ്- ആദ്യ ഡിജിറ്റൽ സംസ്ഥാനം, 75% ഇ- സാക്ഷരത തുടങ്ങി പുരോഗമനപരമായ മാറ്റങ്ങൾ ഉൾക്കൊള്ളുന്നതിൽ വികസിത രാജ്യങ്ങൾക്കൊപ്പം ഈ കൊച്ചു ദേശവും ഉയർന്നുകൊണ്ടിരിക്കുന്നു.

പൗരബോധത്തിലും വ്യക്തിശുചിത്വത്തിലും മറ്റു സംസ്ഥാനത്തെക്കാൾ മുന്നിലാണ്. സംസ്ഥാന പോലീസ് സേനയുടെ കാര്യപ്രാപ്തിയും ശ്രദ്ധേയമാണ്. രാജ്യത്തെ തന്നെ ഭീതിയിലാഴ്ത്തിയ നിപ വൈറസ് സാന്നിധ്യം വേഗം തിരിച്ചറിഞ്ഞ് ഒരു മാസം കൊണ്ട് നിയന്ത്രണവിധേയമാക്കി ചികിൽസയും നിരീക്ഷണവും പ്രതിരോധവും ഉറപ്പാക്കിയ രീതി ലോകത്തിനു തന്നെ മാതൃകയായി കണക്കാക്കുന്നു. ആരോഗ്യം ,വിദ്യാഭ്യാസം, ജീവിതനിലവാരം എന്നിവ അടിസ്ഥാനമാക്കി ഒരു പ്രദേശത്തിന്റെ സ്ഥാനം രേഖപ്പെടുത്തുന്ന മാനവവികസന സൂചികയനുസരിച്ച് കേരളം അത്യുന്നത നിലവാരത്തിലാണ്. ഇന്ത്യയിലാകട്ടെ ഏറ്റവും മുന്നിൽ.

നവകേരളം എന്ന ആശയം മുന്നിലെടുക്കുമ്പോൾ പരിസ്ഥിതി സംരക്ഷണമാണ് നാം ആദ്യം പരിഗണിക്കേണ്ടത്. ഇന്ന് പരിസ്ഥിതി സംരക്ഷണത്തിനായി ഒട്ടേറെ പ്രവർത്തനങ്ങൾ അരങ്ങേറുന്നുണ്ട്. ഹരിത കേരള മിഷന്റെ ഭാഗമായി തൈകൾ വച്ചുപിടിപ്പിക്കുന്നുണ്ട്. ഈ ഭൂമി നാം മനുഷ്യർക്കു മാത്രമുള്ളതല്ല, ഇവിടെ സർവചരാചരങ്ങൾക്കുകൂടി ജീവിക്കാൻ അവകാശമുണ്ടെന്ന ആശയം വ്യക്തമാക്കുന്ന ബഷീറിന്റെ 'ഭൂമിയുടെ അവകാശികൾ' ഇന്ന് ഏറെ പ്രസക്തിയാർജ്ജിക്കുന്നു. മനുഷ്യൻ പ്രകൃതിയുടെ മാറിൽ ഏൽപ്പിച്ച ഓരോ മുറിവിനും മറുപടിയായി പ്രകൃതി ക്ഷോഭിക്കാൻതുടങ്ങിയിരിക്കുന്നു. ഭൂമിയുടെ ചോരകക്കിയ ജഡം പോലെ ഒഴുകുകയാണ് കലക്കുവെള്ളം (പുഴ),നീർചാലുപോലെ മെലിഞ്ഞൊഴുകികൊണ്ടിരിക്കുകയാണ്. പ്രകൃതിയിൽ മനുഷ്യൻ ഏൽപ്പിച്ച മുറിവുകൾ അനേകം കൃതികളിൽ പ്രവചിക്കുന്നുണ്ട്. പുതിയൊരു വനം സൃഷ്ടിക്കാൻ നമുക്ക് കഴിയില്ലെങ്കിലും ഉള്ള വനങ്ങളെ സംരക്ഷിച്ചുയരാം.

പല ജീവജാലങ്ങളുടെയും വംശനാശത്തിനു കാരണമായ മനുഷ്യ വർഗത്തിനാണ് ഇനി വംശനാശം നേരിടേണ്ടിയിരിക്കുന്നത്. നമ്മുടെ പരിസ്ഥിതിയെ കാത്തു സൂക്ഷിക്കേണ്ടത് നമ്മുടെ മാത്രം കടമയാകുന്നു. ഭക്ഷ്യശൃംഖലയുടെ താളം തെറ്റൽ ആവാസവ്യവസ്ഥയുടെ ശോഷണത്തിനു കാരണമായി മാറുന്നു. വിദ്യാലയങ്ങളിലും വീടുകളിലും ചെറിയതോതിൽ പച്ചക്കറി കൃഷിനടത്തി , വിഷരഹിതമായ നല്ല നാളെയേ വാർത്തെടുക്കുകയാണ് ഇന്ന്.

ഇന്ന് ശാസ്ത്രരംഗത്ത് നാം മാനവരാശി കൈവരിച്ച നേട്ടങ്ങൾ പ്രവചനീയമാണ്. ആറ്റത്തിന്റെ കണ്ടുപിടിത്തം മുതൽ ആറ്റം ബോംബിന്റെ കണ്ടുപിടിത്തം വരെ ഇന്ന് സുഗമമായിരിക്കുന്നു. ശാസ്ത്ര-സാങ്കേതിക വിദ്യയുടെ ശരിയായ ഉപയോഗപ്പെടുത്തൽ മൂലം ഇന്ത്യ ഇന്ന് ഉത്തുംഗഗോപുരങ്ങളെ സ്പർശിച്ചിരിക്കുകയാണ്. സത്യമാകുന്ന ശാസ്ത്രത്തിനു മുന്നിൽ മിഥ്യയാകുന്ന അന്ധവിശ്വാസങ്ങളെയാണ് നാം ആദ്യമായി പടിക്കുപുറത്താക്കിയത്. പരീക്ഷണങ്ങളിലൂടെയും നിരീക്ഷണങ്ങളിലൂടെയും വിശകലനത്തിലൂടെയും മനുഷ്യൻ കൈവരിച്ച അറിവാണ് ശാസ്ത്രം. അതുകൊണ്ടു തന്നെ ശാസ്ത്രം സത്യമാണ്. ചുറ്റുപാടും സംഭവിക്കുന്ന മാറ്റങ്ങൾ നിരീക്ഷിച്ചും അപഗ്രഥിച്ചും നൂതനമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് കണ്ടുപിടിത്തങ്ങൾ നടത്തിയും മനുഷ്യൻ അനുദിനം പുരോഗതിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. നാം ആർജിച്ച എല്ലാനേട്ടങ്ങൾക്കും കാരണം ശാസ്ത്ര രംഗത്തുണ്ടായ വളർച്ചയാണ്. മാനവസംസ്കാരത്തിനു പുതിയ മാനദണ്ഡങ്ങൾ നൽകുകയും മനുഷ്യരുടെ ജീവിതസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ നിർണായകമായ പങ്കുവഹിക്കുകയും ചെയ്യു ശാഖയാണ് ശാസ്ത്രം. കാർഷികമേഖലയിൽ പുതിയരീതിയിലുള്ള സാങ്കേതികവിദ്യയുള്ള ഉപയോഗം കേരളത്തിന്റെ ഭക്ഷ്യോൽപ്പാദനത്തെ വളർത്തിയെടുക്കുന്നതാണ്.

നമുക്ക് വികസനം അത്യവശ്യമാണ്, എന്നാൽ മനുഷ്യൻ മാത്രം ബാക്കിയാവുന്ന ഏതൊന്നിനെയും വികസനമെന്നു പറയാൻ കഴിയില്ല. ഇങ്ങനെ വരുന്ന സന്ദർഭങ്ങളിലാണ് സുസ്ഥിരവികസനം എന്ന ആശയം ഫലവത്താകുന്നത്. ഐക്യരാഷ്ട്ര സംഘടന നിയമിച്ച ബ്രണ്ട് ലാന്റ് കമ്മീഷണർ സുസ്ഥിരവികസനത്തെ നിർവചിച്ചത് ഇപ്രകാരമാണ്, "വരും തലമുറയ്ക്ക് അവരുടെ ആവശ്യങ്ങൾ നിറവേറ്റാനുള്ള കഴിവിൽ കുറവുവരാതെ ഇന്നത്തെ തലമുറ അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്ന സമീപനമാണ് സുസ്ഥിരവികസനം.ഇതിലൂടെ വികസനം നടപ്പാക്കുകയും വരും തലമുറയുടെ ക്ഷേമം ഉറപ്പുവരുത്താനും കഴിയും.

ഇന്ന് നഗരവൽക്കരണത്തിന്റെയും കൃഷിയുടെ വാണിജ്യ വൽക്കരണത്തിന്റെയുമെല്ലാം ഫലമായി പ്രകൃതിവിഭവങ്ങൾ ചൂഷണത്തിനു വിധേയമായിക്കൊണ്ടിരിക്കുന്നു. ഇനി ഇത് സംഭവിക്കാതെ നിയമം മൂലം നിർത്തലാക്കണം.നമുക്ക് ഇനി ഒരു ഹരിതാഭമായ നഗരമാണ് വാർത്തെടുക്കേണ്ടത്. സൂര്യനിൽനിന്നും കാറ്റിൽനിന്നും തിരമാലകളിൽ നിന്നും ഊർജം ശേഖരിച്ച് ഉപയോഗിക്കാവുന്നതാണ് . സോളാർ ലാമ്പ് മുതൽ സോളാർകാറു വരെ ഇന്ന് പ്രയോഗത്തിൽ വന്നിട്ടുണ്ട് ഇത്തരത്തിലുള്ള വികസനം പ്രകൃതിയ്ക്ക് യാതൊരു ദോഷവും വരുത്തുന്നില്ല.

ജനസംഖ്യവർദ്ധനവ് ഇന്ന് നിലനിൽക്കുന്ന മറ്റൊരു പ്രശ്നമാണ്. ഇതിനുള്ള ഏക ഉപാധി കഴിവതും കുട്ടുകുടുംബമായി താമസിക്കുക എന്നത് മാത്രമാണ്.നവകേരളം വാർത്തെടുക്കാൻ കഴിയുമെന്ന ശുഭാപ്തി വിശ്വാസത്തോടെ നമുക്ക് ഒത്തുച്ചേരാം .നല്ല നാളെയ്ക്കായി നമ്മുക്ക് പ്രാർത്ഥിക്കാം.

**രേവതി എം 9G**

# സ്നേഹത്തിന്റെ പൂന്തോട്ടം

എൻ ഹൃദയത്തിലെ പൂന്തോപ്പിൽ
വാടാത്ത പൂക്കളിലെ തേനാണമ്മ,
എൻ ഹൃദയത്തിലെ പൂന്തോപ്പിനെ
സംരക്ഷിക്കുന്ന ദൈവമാണച്ഛൻ.
പുണ്യത്തിൽ പാലാഴിയാണമ്മ
സാന്ത്വന സംഗീതമാണച്ഛൻ
ഓർമ്മയിലെന്നും ഓരോ ശ്വാസത്തിലും
എൻ പ്രാണവായുവാണിവർ.
സ്നേഹത്തിൻ പര്യായമാണിവർ
തെറ്റേതിനേയും ശകാരിക്കുമിവർ
സ്നേഹം കടലിനേപ്പോൽ
വറ്റാതെ നിൽക്കട്ടെ എൻ ഹൃദയത്തിലിവർ.

**അനുശ്രീ എം 9C**

# കുസൃതി ചോദ്യം

1. ഏതു രണ്ട് പൂർണസംഖ്യകൾ ഗുണിച്ചാലാണ് 7 കിട്ടുക?
   - 1 ഉം 7 ഉം ആണ് ആ സംഖ്യകൾ,അതായത് 1*7 = 7

2. താഴെ പറയുന്ന ഗുണനക്രിയ നിങ്ങൾക്ക് 30 സെക്കന്റിനകം ചെയ്തു തീർക്കാം. എന്താണ് ഉത്തരം? എന്തുകൊണ്ട്?

   9*8*7*6*5*4*3*2*1*0

   -0 . എന്ത്കൊണ്ടെന്നാൽ ഗുണനത്തിലെ ഒരു ഘടകം പൂജ്യം ആണ്.

3. ഒരു കുപ്പി തേൻ നിറച്ച് തൂക്കിയപ്പോൾ ഭാരം ഒരു കിലോഗ്രാം. കുപ്പിയിൽ പകുതി തേൻ നിറച്ച് തൂക്കിയപ്പോൾ 600 ഗ്രാം ഭാരമുണ്ട്. എന്നാൽ കുപ്പിയുടെ ഭാരമെത്ര?
   - 200 ഗ്രാം

4.ഒരാൾ 1രൂപയ്ക്ക് രണ്ടു മാസത്തേക്ക് 3 പൈസ പലിശയ്ക്ക് കടം വാങ്ങി. പ്രതിവർഷം എത്ര ശതമാനം പലിശയ്ക്ക് തുല്യമാണത്?
   -18%

5.രണ്ടു ക്ലോക്കുകൾ അവയിൽ ഒന്നു പ്രവർത്തനരഹിതം. മറ്റേത് ദിവസം ഒരു മിനിറ്റ് സ്ലോ. ഇവയിൽ ഏതാണ് കൂടുതൽ കാണിക്കുന്നത്?
- പ്രവർത്തനരഹിതമായ ക്ലോക്ക്. കാരണം ഇത് ദിവസം 2 തവണ കൃത്യസമയം കാണിക്കുന്നു.

**അഹല്യ,ആര്യ,ഭദ്ര 8D**



# അറിയാമോ?

1.കേരള നിയമസഭയിലെ ആദ്യ സ്പീക്കർ  ആരാണ്?

ഉ.ശങ്കരനാരായണൻ തമ്പി

2.കേരള നിയമസഭയിലെ ആദ്യ പ്രതിപക്ഷ നേതാവ് ആര്?

ഉ.പി.ടി.ചാക്കോ

3.കേരളത്തിൽ കൂടുതൽ കാലം മുഖ്യമന്ത്രി ആരായിരുന്നു?

ഉ.ഇ.കെ.നായനാർ

4.മലയാളത്തിലെ ആദ്യത്തെ പത്രം ഏതാണ്?

ഉ.രാജ്യസമാചാരം

5.എപ്പോഴാണ് രാജ്യസമാചാരം പുറത്തിറങ്ങിയത്?

ഉ.1857 ജൂൺ

6.കേരളത്തിൽ ഏറ്റവും അധികം വനമുള്ള ജില്ല ഏത്?

ഉ.ഇടുക്കി

7.കേരളത്തിൽ ഏറ്റവും വലിയ ശുദ്ധജല തടാകം ഏത്?

ഉ.ശാസ്താം കോട്ട തടാകം

8.നമ്മുടെ സംസ്ഥാന മത്സ്യം ഏത്?

ഉ.കരിമീൻ

9.നമ്മുടെ സംസ്ഥാന പക്ഷി ഏത്?

ഉ.മലമുഴക്കി വേഴാമ്പൽ



10.കേരളത്തിൻെറസംസ്ഥാന മൃഗം ഏത്?

ഉ.ആന

# കൊതുകുകളും മഴയും

ഈ മഴക്കാലത്ത് കൊതുകുകളാണ് കേരളം ഭരിക്കുന്നത് ഡങ്കിപ്പനി, മലമ്പനി,മന്ത്,ചിക്കൻഗുനിയ,തുടങ്ങിയവ വിജയകരമായി അവ പരത്തുന്നു. മഴ പെയ്യുമ്പോഴും അവ നമ്മെ തേടി എത്താറുണ്ട്. കൊതുകുകൾ മഴക്കാലത്ത് എങ്ങനെയാണ് പറക്കുന്നത് എന്നതിനെപ്പറ്റി വിദഗ്ദർ നടത്തിയ ചില പരീക്ഷണങ്ങൾ ശ്രദ്ധിക്കുക.

കൊതുകിന്റെ വിജയരഹസ്യങ്ങളിൽ- അതിന്റെ ചെറിയ ശരീരം തന്നെയാണ്. ഒരു മഴത്തുള്ളിക്ക് കൊതുകിന്റെ 50 മടങ്ങെങ്കിലും ഭാരമുണ്ടാവും. അപ്പോൾ ഒരു മഴത്തുള്ളിക്ക് കൊതുകിന്റെ ശരീരത്തിൽ ഇടിക്കുന്നതിന്റെ അനുപാതത്തിൽ ഒരു വസ്തു മനുഷ്യനെ ഇടിച്ചാൽ ആ വസ്തുവിന്റെ ഭാരം വളരെ വലുതായിരിക്കുമല്ലോ. ഒരു ചെറിയ കാർ ഇടിക്കുന്നതിന് തുല്യമാണെന്നാണ് ശാസ്ത്രജ്ഞർ പറയുന്നത്.

ഇനി അല്പം ഫിസിക്സ്. കൊതികിന്റെ ഭാരക്കുറവും ബാഹ്യഭാഗങ്ങളുടെ ഉറപ്പും ആണ് മഴയത്തും പറക്കാൻ സഹായിക്കുന്നത്. മഴത്തുള്ളി കൊതുകിൽ ഇടിക്കുമ്പോൾ അതിന്റെ ആക്കത്തിന്റെ വളരെക്കുറച്ചെ കൊതുകിന് കിട്ടുന്നുള്ളൂ എന്ന് പഠനത്തിൽ കണ്ടു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ കൊതുകിൽ പതിച്ചാൽ മഴത്തുള്ളിയുടെ സംവേഗം (momentum) കാര്യമായി നഷ്ടപ്പെടുന്നില്ല. മാത്രമല്ല, മഴത്തുള്ളി ദേഹത്തിൽ വീണാൽ കുറച്ചുദൂരം കൊതുക് അതോടൊപ്പം ഒട്ടിനിൽക്കുകയും താഴോട്ട് നീങ്ങുകയും ചെയ്യും. ഉടനെ തന്നെ നീണ്ട കാലുകളും ചിറകുകളും ഉപയേഗിച്ച് തുള്ളിയുമായുള്ള ബന്ധം വേർപെടുത്തും. ഇല്ലെങ്കിൽ മഴത്തുള്ളിയോടെപ്പം നിലത്ത് വീഴാനിടയാവും. മഴയുള്ളപ്പോൾ പറക്കുന്നതിനേക്കാൾ സുഖം ഇല്ലാത്തപ്പോൾ പറക്കുന്നതാണ് എന്നത് കൊതുകിനറിയാമോ എന്നറിയില്ല.

പല തരം കൊതുകുകൾ പറന്നെത്തുന്ന ദൂരം വ്യത്യസ്തമാണ്. ഡങ്കിപ്പനി പരത്തുന്ന ഈഡിസ് കൊതുക കഷ്ടിച്ച് 100m ദൂരമേ പറക്കാറുള്ളൂ. അനോഫിലസ് കൊതുകുകൾ 1-2 km പറക്കും ക്യൂലക്സ് കൊതുകുകൾ 10-12 km ദൂരം വരെ പറന്നെത്താറുണ്ട്. ഇതുപോലെ ബഹുനില കെട്ടിടങ്ങളുടെ ഉയരം കൂടുന്തോറും കൊതുകുകളുടെ സാന്ദ്രത കുറഞ്ഞു വരും. കുത്തനെ മേപ്പോട്ട് പറക്കാൻ കൊതുകുകൾക്ക് പൊതുവെ താൽപര്യം കുറവാണ്

**ജനിക.**

# CHILD LABOUR



Our world have attained remarkable progress in every field. Even if there is development, many children in many developing countries are forced to work hard for full day against their will at very low pay for their survival. Major reason for child labour is the poverty . Poor parents are unable to give their children proper education and unable to satisfy their needs. Children are engaged in child labour to increase their family income in order to help their family from poverty. But child labour is a big social issue in our country as well as all over the world.

Childhood is the most important and happiest period of everyone's life. It is the period that one enjoys life the most. It is the period when we live like a free bird who has no problem, responsibilities, etc. Only in this period children get the attention, love and care from parents the most and enjoy proper education, playing with friends, and other happy movements.

But many children's are sent to work in their childhood. They don't play, but have the full responsibilities of their family in their head. They don't know the sweetness of childhood. Hence child labour destroy the life of innocent kids. The child labour prevent the children from having proper education, playing with friends, and mainly it neglects childhood.

Childhood is the period when one gets the basic understanding about what is good and bad or about the world. But in the same period children's are working hard for their survival.Another reason for childlabour is unemployment. Unemployment of a family make them poor. Because of poverty the children sent out to work. So a way to destroy child labour is to increase in employment opportunities. Human trafficking is a reason for the increase in child labour. If effective measures are taken against it, we can stop child labour at a minimum level.

Children's are tomorrow's future, They are the citizens of tomorrow.so save children, save future.

**Anujith T 9A**

# DRUG ABUSE

Drug abuse is the repeated and excessive use of drugs. It impacts a person's mental as well as physical health negatively causing a major damage to the brain . Drug abuse hampers a person's power to practice self control and their ability to resist the urge to take drugs. Drugs are initially take out of choice, however, it became hard to resist them sooner than you realise . It is difficult to recover from their problem and even those who do stand a high risk of developing it again.

People usually take to drug abuse in order to curb the stress caused due to the following :

: family issues
: pressure at work
: growing competition in schools and collages
: relationship problems
: financial issue
: feeling of emptiness

Besides, it can also be a genetic problem .Whatever be the reason, it is essential to understand the drug abuse aggravates the problems rather than solving them .It is thus wise to stay away from it . Those who have already fallen prey to this problem can seen expert guidance to overcome it. Proper meditation, support from loved once strong will power can take one out of the dark world of drug abuse. The treatment for drug abuse is extended over a long period so as to ensure that the problem does not occure again.

prevention [Remedial measures]
We can prevent drug abuse . There are many preventing measures
1] education and counseling
2] seeking help from parents and peers
3] seeking professional and medical helps
4] avoid undue peer pressure

'prevention is better than cure '.Drug abuse are more during young age and during adolescence .Thus remedial measure should be taken well in time . In this regard the parents and teachers have special responsibility If somebody drug addicted he had to follow above given measures for prevent drug addiction .



**Snejith.D 8B**

# പൂക്കളൊക്കെയും വാക്കുകളായപ്പോൾ...

നമ്മുടെ വിദ്യാലയത്തിലെ ഈ വർഷത്തെ മാഗസിൻ ഡിജിറ്റൽ രൂപത്തിൽ പുറത്തിറങ്ങുകയാണ്. ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിലാണ് മാഗസിൻ ഡിജിറ്റൽ രൂപത്തിലായത്. പൂർണ്ണമായും കുട്ടികളുടെ സൃഷ്ടിയാണ് ഈ മാഗസിനെന്ന് അഭിമാനത്തോടെ പറയാം. കുട്ടികളുടെ സർഗ്ഗസൃഷ്ടികൾ കുട്ടികൾ തന്നെ ടൈപ്പുചെയ്ത് ലേ ഔട്ട്, കവർ പേജ് എന്നിവ ചെയ്ത് അതിസുന്ദരമാക്കി. നമ്മുടെ പൂക്കൾ തീർത്ത സർഗ്ഗവസന്തം നിങ്ങൾക്കുമുന്നിൽ സാഭിമാനം സമർപ്പിക്കുന്നു. ഇതു സാധ്യമാക്കിയ എല്ലാ വിദ്യാർത്ഥികൾക്കും ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകിയ സഹപ്രവർത്തകർക്കും നന്ദി.



ഇന്ദു വി.
സ്റ്റാഫ് എഡിറ്റർ




വര : അഖിൽ എ



പൂക്കൾക്ക് പറയാനുള്ളത്
സ്കൂൾ മാഗസിൻ 2019